നവകേരളത്തിന് ജനകീയാസൂത്രണം
പതിനാലാം പഞ്ചവത്സര പദ്ധതി

# പദ്ധതി മാർഗ്ഗരേഖകളുടെയും സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയുടെയും തുടർ ഉത്തരവുകളുടെ സംക്ഷിപ്തം

(10-07-2023 വരെ)

## കൈപ്പുസ്തകം

(ഒന്നാം പതിപ്പ്)

തയ്യാറാക്കിയത്
സി.എസ്.സന്തോഷ്

സമർപ്പണം ......

തത്തമംഗലം ജി.എസ്.എം.എച്ച്.എസിലെ
എന്റെ സഹപാഠികളായിരുന്ന
കോമളനും  സുരേഷിനും രാമചന്ദ്രനും......

# മുഖവുര

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ നിലവിൽ വന്നത് ഭരണഘടനയുടെ 73, 74 ഭേദഗതികളെത്തുടർന്നാണ്. ഒമ്പതാം പദ്ധതിക്കാലയളവ് മുതൽ കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണ പരിപാടികൾ നടപ്പാക്കി തുടങ്ങി. 1997-98 മുതൽ 2001-02 വരെയുള്ള ഒമ്പതാം പദ്ധതി 'ജനകീയാസൂത്രണം' എന്ന പേരിലാണ് അറിയപ്പെട്ടത്. 2002-03 മുതൽ 2006-07 വരെയുള്ള പത്താം പദ്ധതിക്കാലയളവ് 'കേരള വികസന പദ്ധതി' എന്ന പേരിലും അറിയപ്പെട്ടു. 2007-08 മുതൽ 2011-12 വരെ പതിനൊന്നാം പദ്ധതിയും 2012-13 മുതൽ 2016-17 വരെ പന്ത്രണ്ടാം പദ്ധതിയും 2017-18 മുതൽ 2021-22 വരെ പതിമൂന്നാം പദ്ധതിയും നടപ്പാക്കി. 2022-23 ൽ ആരംഭിച്ച പതിനാലാം പദ്ധതി നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം പദ്ധതി മാർഗ്ഗരേഖകളും വ്യക്തിഗത/ഗ്രൂപ്പ് സബ്സിഡിയും ധനസഹായവും നൽകുന്നതിനായി ഒരു ഏകീകൃത മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

പതിനാലാം പദ്ധതി മാർഗ്ഗരേഖകളും സബ്സിഡി, ധനസഹായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചതിനുശേഷമുള്ള ഉത്തരവുകളുടെ സംക്ഷിപ്തമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകം അല്ലാത്തതിനാൽ അസ്സൽ മാർഗ്ഗരേഖകളും തുടർ ഉത്തരവുകളും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹാദരങ്ങളോടെ.....

സി.എസ്.സന്തോഷ്

തത്തമംഗലം,

10-07-2023

# ഉള്ളടക്കം


| അധ്യായം/ ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| **I** | **ആമുഖം** | **4** |
| 1 | പതിനാലാം പദ്ധതി മാർഗ്ഗരേഖകൾ | 4 |
| 2 | പതിനാലാം പഞ്ചവത്സര പദ്ധതി-പൊതുലക്ഷ്യം | 4 |
| 3 | സവിശേഷ വികസന ലക്ഷ്യങ്ങൾ | 5 |
| 4 | പൊതു മുൻഗണനകൾ | 5 |
| 5 | നഗരഭരണ സ്ഥാപനങ്ങളുടെ സവിശേഷ മുൻഗണനകൾ | 5 |
| 6 | പദ്ധതി തയ്യാറാക്കൽ-തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ | 6 |
| 7 | പ്രത്യേക വിഭാഗങ്ങളും മേഖലകളും | 6 |
| 8 | പ്രത്യേക സമീപനം വേണ്ട മേഖലകൾ/വിഷയങ്ങൾ/ പ്രദേശങ്ങൾ | 6 |
| 9 | വികസന മേഖലകൾ | 7 |
| 10 | സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ | 8 |
| 11 | സബ്സിഡിക്ക് അർഹമായ മേഖലകൾ | 8 |
| 12 | ധനസഹായത്തിന് അർഹമായ മേഖലകൾ | 8 |
| 13 | അനുബന്ധ വിഷയങ്ങൾ | 9 |
| **II** | **തുടർ ഉത്തരവുകളുടെ സംക്ഷിപ്തം** | **10** |
| 1 | കൃഷി വികസനം | 10 |
| 2 | മൃഗസംരക്ഷണം/ക്ഷീരവികസനം | 16 |
| 3 | മത്സ്യമേഖല | 24 |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 25 |
| 5 | കുടിവെള്ളം | 26 |
| 6 | ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് | 27 |
| 7 | ശുചിത്വം, മാലിന്യ സംസ്കരണം | 28 |
| 8 | സാമൂഹ്യനീതി | 29 |
| 9 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ | 31 |
| 10 | മത്സ്യതൊഴിലാളി ക്ഷേമം | 36 |
| 11 | വിദ്യാഭ്യാസം | 37 |
| 12 | പൊതുജനാരോഗ്യം | 39 |
| 13 | തെരുവു വിളക്ക് | 41 |
| 14 | വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ | 42 |
| 15 | ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ | 44 |
| 16 | പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം | 44 |
| 17 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം | 45 |
| 18 | ആസ്തി സംരക്ഷണം | 47 |
| 19 | പദ്ധതി ആസൂത്രണം - വിവിധ ഉത്തരവുകൾ | 48 |
| അനുബന്ധം | UNIT COST OF HOUSEHOLD LEVEL SOLID WASTE MANAGEMENT UNIT | 51 |

# I

# പതിനാലാം പഞ്ചവത്സര പദ്ധതി

## ആമുഖം

### 1) പതിനാലാം പദ്ധതി മാർഗ്ഗരേഖകൾ

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലേക്കുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ബാധകമായ പദ്ധതി മാർഗ്ഗരേഖകൾ താഴെ പറയുന്നു.

1. സ.ഉ(കൈ)നം.84/2022/LSGD തിയതി 19-04-2022- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ബാധകമായത്.

2. സ.ഉ (കൈ)നം.86/2022/LSGD തിയതി 19-04-2022 - മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ബാധകമായത്.

### 2) പതിനാലാം പഞ്ചവത്സര പദ്ധതി-പൊതുലക്ഷ്യം

‘‘നവകേരളത്തിന് ജനകീയാസൂത്രണം’’ എന്ന പേരിൽ അറിയപ്പെടുന്ന പതിനാലാം പദ്ധതിയുടെ പൊതുലക്ഷ്യം കേരളത്തിന്റെ സുസ്ഥിരമായ വികസനം, സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക, പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനം നടപ്പാക്കുക, ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനുമുമ്പ് കൈവരിക്കുക, സമഗ്രമായ വികസന ഇടപെടലുകളിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുക, പ്രകൃതി വിഭവ സംരക്ഷണം ഉറപ്പാക്കിയുള്ള വികസനം, സാമൂഹ്യ സുരക്ഷ, കേരളത്തെ വൈജ്ഞാനിക സമൂഹമായി വളർത്തുക മുതലായവയാണ്.

## 3) സവിശേഷ വികസന ലക്ഷ്യങ്ങൾ

ഉത്പാദനമേഖലയിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോഗിക്കുക, വ്യവസായം, ടൂറിസം, ഊർജ്ജം, ഗതാഗതം മുതലായ മേഖലകളുടെ വളർച്ചയും തൊഴിൽ പ്രോൽസാഹനവും വികസന മേഖലകളിലെ മൂലധന നിക്ഷേപം പ്രോൽസാഹിപ്പിക്കൽ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം ഉറപ്പാക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, വാതിൽപ്പടി സേവനം, വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണം, ഭൂരഹിതർ, ഭവനരഹിതർ, അഗതികൾ എന്നിവർ ഇല്ലാത്ത അവസ്ഥ, പശ്ചാത്തല വികസന, ശുചിത്വ പരിപാടികൾ, ആരോഗ്യ സംരക്ഷണം, പൊതു വിദ്യാലയങ്ങളുടെ മികവ് വർദ്ധിപ്പിക്കുക, കല-സംസ്കാര വികസനം പൈതൃക സംരക്ഷണം, പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടൽ, കേരളത്തിന്റെ ഉയർന്ന സുസ്ഥിര വികസന സൂചികകൾ കൂടുതൽ മെച്ചപ്പെടുത്തുക, സൗരോർജ്ജ സാങ്കേതിക വിദ്യകളുടെ പ്രോൽസാഹനം, ഹരിതഗൃഹവാതക ബഹിർഗമനം കുറയ്ക്കുക.

## 4) പൊതു മുൻഗണനകൾ

ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം നൈപുണ്യ വികസനം, തൊഴിൽ സൃഷ്ടി, അതിജീവനക്ഷമത, കാലാവസ്ഥാ വ്യതിയാനം-പ്രാദേശിക കർമ്മപദ്ധതി, പ്രകൃതി വിഭവ സംരക്ഷണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, അതി ദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം-മാലിന്യ സംസ്കരണം, സാമൂഹ്യ നീതി ഉറപ്പാക്കൽ, ലിംഗ സമത്വം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യാഭ്യാസരംഗം, ആരോഗ്യ സംരക്ഷണം, വാതിൽപ്പടി സേവനങ്ങൾ, കാര്യക്ഷമവും പ്രതികരണാത്മകവുമായ സദ്ഭരണം.

## 5) നഗരഭരണ സ്ഥാപനങ്ങളുടെ സവിശേഷ മുൻഗണനകൾ

നഗര ഗതാഗതവും റോഡുകളും, പാർക്കിംഗ് സൗകര്യങ്ങൾ, നഗര കേന്ദ്രങ്ങളുടേയും കവലകളുടേയും നവീകരണം, സൗന്ദര്യവൽക്കരണം, റോഡ് സുരക്ഷ, പാർക്കുകൾ, പ്ലേ ഗ്രൗണ്ടുകൾ, സമ്മേളനങ്ങളും എക്സിബിഷനുകളും നടത്തുന്നതിനുള്ള മൈതാനങ്ങൾ, പൊതുസ്ഥലങ്ങളുടെ സംരക്ഷണം, അതിഥി തൊഴിലാളികൾ, പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗം, ചേരിപ്രദേശങ്ങളുടെ വികസനം, കുളങ്ങളുടേയും ജലാശയങ്ങളുടേയും വികസനം, പൊതു ശൗചാലയങ്ങൾ, ഷീ-ലോഡ്ജ്, വഴിയോര കച്ചവടക്കാർക്കുള്ള സൗകര്യം, ദുരന്ത നിവാരണം, അതിജീവനക്ഷമത, ഊർജ്ജ സംരക്ഷണം.

### 6) പദ്ധതി തയ്യാറാക്കൽ-തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ

സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ ഭരണഘടനാപരമായ ചുമതല യാണ്. ത്രിതല പഞ്ചായത്തുകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3, 4, 5 എന്നിവ പ്രകാരവും നഗരഭരണ സ്ഥാപനങ്ങൾക്ക് 1994 ലെ കേരള മുനിസി പ്പാലിറ്റി നിയമത്തിലെ പട്ടിക 1 പ്രകാരവും, ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടി ല്ലെങ്കിൽ പോലും, തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

### 7) പ്രത്യേക വിഭാഗങ്ങളും മേഖലകളും (പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.1 മുതൽ 6.9 വരെ)

- പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)
- പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)
- വനിതാ ഘടകപദ്ധതി
- കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെന്റേഴ്സ്
- വയോജനക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും
- അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ
- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള ഉപപദ്ധതി (FFC Sub Plan)
- ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)
- സദ്ഭരണ പദ്ധതി

### 8) പ്രത്യേക സമീപനം വേണ്ട മേഖലകൾ/വിഷയങ്ങൾ/പ്രദേശങ്ങൾ (പദ്ധതി മാർഗ്ഗരേഖയിലെ ഖ.7.1 മുതൽ 7.6 വരെ)

- സുസ്ഥിര വികസന ലക്ഷ്യങ്ങൾ
- ദുരന്ത മാനേജ്മെന്റ് പദ്ധതി
- കാലാവസ്ഥാ വ്യതിയാനം

- പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം
- നഗരസഞ്ചയങ്ങൾക്കുള്ളിലെ പദ്ധതി രൂപീകരണത്തിന് പ്രത്യേക സമീപനം
- പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan - LED Plan)

## 9) വികസന മേഖലകൾ (പദ്ധതി മാർഗ്ഗരേഖയിലെ ഖ. 8.1 മുതൽ 8.16 വരെ)

- ഹരിതകേരളം മിഷൻ - കൃഷി വികസനം, മണ്ണ്-ജലസംരക്ഷണ(ജലസമൃദ്ധി) വും കുടിവെള്ളവും, ശുചിത്വ-മാലിന്യ സംസ്കരണം.
- മൃഗസംരക്ഷണം, ക്ഷീരവികസനം
- മത്സ്യബന്ധനം
- ചെറുകിട വ്യവസായങ്ങളും പരിശീലവും
- ഊർജ്ജം
- വിദ്യാഭ്യാസം
- ആരോഗ്യ സുരക്ഷ
- സാമൂഹ്യനീതി
- അതിഥി തൊഴിലാളിക്ഷേമം
- പാർപ്പിടം
- കായിക വിനോദ സൗകര്യങ്ങൾ
- കലയും സംസ്കാരവും
- സഹകരണം
- ഗതാഗതം
- വിനോദ സഞ്ചാരം
- പ്രവാസിക്ഷേമം

## 10) സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതികൾക്കുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ **സ.ഉ(കൈ)നം.115/2022/LSGD തീയതി 28.05.2022** പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 11) സബ്സിഡിക്ക് അർഹമായ മേഖലകൾ (സബ്സിഡി, ധനസഹായ മാർഗ്ഗരേഖയിലെ ഖ. 6.1 മുതൽ 6.10 വരെ)

6.1 കൃഷി

6.2 മണ്ണ്-ജലസംരക്ഷണം

6.3 മൃഗസംരക്ഷണം, ക്ഷീരവികസനം

6.4 മത്സ്യ മേഖല

6.5 പ്രാദേശിക സാമ്പത്തിക വികസനം (സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ, നൈപുണ്യവികസനം)

6.6 കുടിവെള്ളം

6.7 ഭവനിർമ്മാണം-പുനരുദ്ധാരണം-വയറിംഗ്

6.8 ശുചിത്വം, മാലിന്യ സംസ്കരണം

6.9 അക്ഷയ ഊർജ്ജം

6.10 സഹകരണം

## 12) ധനസഹായത്തിന് അർഹമായ മേഖലകൾ (സബ്സിഡി, ധനസഹായ മാർഗ്ഗരേഖയിലെ ഖ.7.1 മുതൽ 7.10 വരെ)

7.1 സാമൂഹ്യനീതി

7.2 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ

7.3 മത്സ്യതൊഴിലാളി ക്ഷേമം

7.4 വിദ്യാഭ്യാസം

7.5 വനിതാ വികസനം, ശിശു വികസനം

7.6 പൊതുജനാരോഗ്യം

7.7 കലാ-സാസ്കാരിക-കായിക വികസനം

7.8 പരിസ്ഥിതി സംരക്ഷണം

7.9 ദാരിദ്ര്യ ലഘൂകരണം

7.10 തെരുവു വിളക്ക്

## 13) അനുബന്ധ വിഷയങ്ങൾ (സബ്സിഡി, ധനസഹായ മാർഗ്ഗരേഖയിലെ ഖ.8.1 മുതൽ 8.8 വരെ)

സബ്സിഡി, ധനസഹായ മാർഗ്ഗരേഖയിൽ താഴെ പറയുന്ന വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

8.1 വികസന ആവശ്യങ്ങൾക്ക് ഭൂമി വാങ്ങൽ

8.2 വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ

8.3 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ

8.4 ബോധവത്ക്കരണ പ്രവർത്തനങ്ങൾ

8.5 പരിശീലന പരിപാടികൾ

8.6 ശമ്പളം/ഓണറേറിയം

8.7 ഇൻഷുറൻസ് പദ്ധതികൾ

8.8 നിയമ സാക്ഷരതാ പരിപാടി

ഓരോ മേഖലയിലും ലക്ഷ്യമിടുന്ന മാറ്റം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതി ആസൂത്രണ, നിർവ്വഹണ, വിലയിരുത്തൽ നടപടികൾ കാര്യക്ഷമമാക്കുന്നതിന് ഉത്തരവാദപ്പെട്ട കമ്മിറ്റികളും ഉദ്യോഗസ്ഥരും പദ്ധതി മാർഗ്ഗരേഖകളുടേയും സബ്സിഡി, ധനസഹായ മാർഗ്ഗരേഖയുടേയും തുടർ ഉത്തരവുകളുടേയും അസ്സലുകൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ഇതിന് സഹായകമാകും വിധത്തിൽ വിവിധ വിഷയങ്ങളിൽ വരുത്തിയ ഭേദഗതികളുടെ ഉത്തരവുകളുടെ സംക്ഷിപ്തമാണ് അടുത്ത അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.



# II

# തുടർ ഉത്തരവുകളുടെ സംക്ഷിപ്തം

പതിനാലാം പദ്ധതിയുടെ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചതിനുശേഷം പുറപ്പെടുവിച്ച വിവിധ ഉത്തരവുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

## 1. കൃഷി വികസനം

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ.നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.2164/2022/LSGD തിയതി 02-09-2022 | | |
| 1 | 6.1 ക്രമ നം. 1 മാന ദണ്ഡം 3 | ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ, ഇക്കോഷോപ്പുകൾ, തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ ബയോ ഫെർട്ടിലൈസർ ലാബുകൾ എന്നിവിടങ്ങളിൽ നിന്നും **ജൈവവളം** നേരിട്ട് വാങ്ങാവുന്നതാണ്. |
| 2 | 6.1 ക്രമ നം. 1 മുതൽ 5 വരെയുള്ള ഇനങ്ങൾ | സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 6.1 (കൃഷി) ലെ ക്രമ നം. 1 മുതൽ 5 വരെയുള്ള സാധനങ്ങളും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളും KAICO യിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികളും KAICO മുഖേന നിർവ്വഹിക്കാവുന്നതാണ്. |
| 3 | 6.1 ക്രമ നം. 2 | യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്ന ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ അനിവാര്യ സന്ദർഭത്തിൽ സമഗ്ര പരിപാടിയുടെ ഭാഗമായി രാസ കീടനാശിനികൾ, കുമിൾ നാശിനികൾ, കളനാശിനികൾ എന്നിവ നൽകാവുന്നതാണ്.<br>**സബ്സിഡി:** പൊതുവിഭാഗം/പട്ടികജാതി വിഭാഗം - 50%, പട്ടികവർഗ്ഗ വിഭാഗം-100% |

| | | |
|---|---|---|
| 4 | 6.1 ക്രമ നം. 3 മാന ദണ്ഡം 3 | മാനദണ്ഡം 3 ൽ പ്രതിപാദിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കൊപ്പം കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണുത്തിയിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ നിന്നുകൂടി **ജൈവ/ജീവാണു കീടനാശിനികൾ** നേരിട്ട് വാങ്ങാവുന്നതാണ്. |
| 5 | 6.1 ക്രമ നം. 5 | ഫല-പുഷ്പ-ഔഷധ സസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റിക്കുരുമുളക് തൈകൾ മുതലായവയ്ക്കൊപ്പം **കവുങ്ങ് തൈകൾ** കൂടി ഉൾപ്പെടുത്തി. |
| 6 | ഖ.6.1.9 എ (പൊതു വ്യവ സ്ഥ) | ഖ.6.1.8 (തരിശ് കൃഷി), ഖ.6.1.9 (സ്ഥിരം കൃഷി) എന്നിവയ്ക്ക് ബാധകമായ പൊതു വ്യവസ്ഥ ഉൾപ്പെടുന്ന ഖ.6.1.9എ യിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി:<br>**കൃഷി ചെലവിന്റെ ഘടകങ്ങൾ-വിശദീകരണം**<br>സ.ഉ(സാധാ) നം.2164/2022/LSGD തിയതി 02-09-2022 ഖ.6(i): കൃഷി ചെലവ് എന്നത് കൂലി ചെലവ്, ഉത്പാദനോപാദികൾക്കുള്ള സബ്സിഡി എന്നിവ ഉൾപ്പെടെയുള്ള ധനസഹായമാണ്. ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം രണ്ടായി തിരിച്ച് മാർഗ്ഗരേഖയിൽ, കൃഷി ചെലവിന് അനുവദിച്ചിട്ടുള്ള പരമാവധി തുകയിൽ കൂടാതെ സബ്സിഡി നൽകാവുന്നതാണ്. രണ്ട് ഘടകങ്ങളുടേയും അനുപാതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്. വിത്ത്, വളം, കീടനാശിനികൾ എന്നിവയുടെ കാര്യത്തിൽ ക്രമ നം. 9എ യിലെ ക്രമ നം. (2) ന്റെ ഭേദഗതി കൂടി കണക്കിലെടുക്കേണ്ടതാണ്.<br>**ക്രമ നം.9എ യിലെ ഇനം 2 ലെ ഭേദഗതി**<br>സ.ഉ(സാധാ)നം.2164/2022/LSGD തിയതി 02-09-2022 ഖ.6(ii):: വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉല്പാദനോപാദികൾ മറ്റ് പ്രോജക്ടുകളിലൂടെ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അപ്രകാരം അനുവദിക്കുന്ന സബ്സിഡി തുക കുറവ് ചെയ്ത് ബാക്കി തുക കൃഷി ചെലവിനുള്ള പ്രത്യേക ധനസഹായമായി നൽകാവുന്നതാണ്. എന്നാൽ നെൽകൃഷിയുടെ കാര്യത്തിൽ മാത്രം ഉല്പാദനോപാദികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നൽകിയിട്ടുള്ള |

| | | |
|---|---|---|
| | | നിരക്കിന് പുറമെ നൽകാവുന്നതാണ്.<br>**ക്രമ നം.9എ യിലെ ഇനം 7 - കുടുംബാംഗങ്ങൾ, ബന്ധുക്കൾ - വിശദീകരണം**<br>സ.ഉ(സാധാ) നം.2164/2022/LSGD തിയതി 02-09-2022 ഖ.6(iii): പാട്ടത്തിനെടുത്ത ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത്. ഗുണഭോക്താവിന്റെ(കർഷകന്റെ) കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെയാണ് ആണ് ബന്ധുക്കൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| • സ.ഉ(സാധാ)നം.2758/2022/LSGD തിയതി 09-11-2022 | | |
| 7 | 6.1 ക്രമ നം. 1, മാന ദണ്ഡം 3 | ഇനം 'ഡി' ആയി **ജൈവ നിയന്ത്രണകാരികൾ** കൂടി ആയി കൂട്ടിച്ചേർത്തു.<br>മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന സ്ഥാപനങ്ങളോടൊപ്പം (മാനദണ്ഡം 3 ൽ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ എന്നിവയിൽ നിന്നുകൂടി ജൈവ നിയന്ത്രണകാരികൾ വാങ്ങാവുന്നതാണ്. കൂടാതെ സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബോറട്ടറിയിൽ നിന്നും ഇത് വാങ്ങാവുന്നതാണ്. |
| 8 | 6.1 എ, ബി, സി | ഖ.6.1 ലെ ക്രമ നം. എ, ബി, സി എന്നിവയിൽ പറയുന്ന ഇനങ്ങൾ (ജൈവ വളം, കുമ്മായം, ഡോളോമൈറ്റ്, പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പെടെ), വളർച്ചാ ത്വരകങ്ങൾ, ജീവാണു വളങ്ങൾ എന്നിവ) തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ ഫെർട്ടിലൈസർ ലാബുകൾ, അഗ്രോ സർവ്വീസ് സെന്റർ, ഇക്കോഷോപ്പുകൾ, സർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബോറട്ടറി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. |
| 9 | ഖ. 6.1.1, 6.1.2, 6.1.3 | ജൈവ നിയന്ത്രണാധികാരികൾ, ജൈവ വളങ്ങൾ, കീടനാശിനികൾ അടക്കമുള്ള എല്ലാ ഉല്പാദന സഹായികളുടേയും ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് Fertiliser Control Order, 1985, Insecticide Act, 1968 |

| | | |
|---|---|---|
| | | പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലൈസൻസ്, മാർഗ്ഗരേഖയിലെ ഖ. 6.1.1, 6.1.2, 6.1.3 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന ഏജൻസികൾക്കും പിന്നീട് കൂട്ടിച്ചേർത്ത സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാരം നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനവും ഉറപ്പു വരുത്തേണ്ടതാണ്. |
| • സ.ഉ(സാധാ) നം.2854/2022/LSGD തിയതി 18-11-2022 | | |
| 10 | 6.1.16 | **പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം High Density Poly Ethylene (HDPE) ചെടിചട്ടികൾ വാങ്ങൽ**<br>മാർഗ്ഗരേഖ പ്രകാരമുള്ള ടെണ്ടർ/വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് High Density Poly Ethylene (HDPE) ചെടിചട്ടികൾ ഉൾപ്പെടെയുള്ള ഇനങ്ങൾ വാങ്ങാൻ അനുമതി നൽകി.<br>HDPE ചെടിചട്ടികളുടെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.<br>ഉയരം - 10 ഇഞ്ച്<br>ഡയാമീറ്റർ - 10-12 ഇഞ്ച്<br>കനം - 5 മി.മീ<br>തൂക്കം - 450 ഗ്രാം<br>ടെണ്ടർ നടപടികളിലൂടെയാണ് മൺചട്ടികൾ, കയർപിത്ത് ചട്ടികൾ എന്നിവയ്ക്കൊപ്പം HDPE ചെടിചട്ടികളും വാങ്ങേണ്ടത്.<br>ചെടിചട്ടികളിൽ നിറയ്ക്കേണ്ട വളർച്ചാ മാധ്യമത്തിന് 60 രൂപ അധി കമായി നൽകാവുന്നതാണ്. HDPE ചെടിചട്ടികൾക്ക് 5 വർഷം ഗാരന്റി ഉണ്ടാകണം.<br>മേൽ വ്യവസ്ഥകൾ സബ്സിഡി മാർഗ്ഗരേഖയിൽ കൂട്ടിച്ചേർത്തു. |
| • സ.ഉ(സാധാ)നം.2911/2022/LSGD തിയതി 24-11-2022 | | |
| 11 | 6.1 ക്രമ നം. 4, 5 | **RAIDCO യിൽ നിന്നുള്ള വാങ്ങൽ**<br>ഖ. 6.1 (കൃഷി) ലെ ക്രമ നം. 4, 5 എന്നിവയിൽ പറയുന്ന നെല്ല്, കുരുമുളക്, പച്ചക്കറി, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങ്വർഗ്ഗങ്ങൾ, വാഴ, ടിഷ്യുകൾച്ചർ വാഴ, |

| | | |
|---|---|---|
| | | ഫല-പുഷ്പ-ഔഷധസസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റികുരുമുളക് മുതലായ വാങ്ങുന്നതിനുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തി. Fertiliser Control Order, 1985 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വളം വില്പന ലൈസൻസ്, Insecticide Act, 1968 പ്രകാരമുള്ള കീടനാശിനി വില്പന ലൈസൻസ്, നടീൽ വസ്തുക്കൾ വിൽക്കുന്നതിനുള്ള നഴ്സറി ലൈസൻസ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇത്തരം ഉപകരണങ്ങൾ/ഉപാധികൾ വാങ്ങാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു.<br>RAIDCO സ്വയം ഉല്പാദിപ്പിക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ മാത്രം വിൽക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തി. കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി RAIDCO നേരിട്ട് ചെയ്യുന്ന സാഹചര്യത്തിൽ മാത്രം ഈ പ്രവൃത്തിക്കുള്ള അംഗീകൃത ഏജൻസിയായി RAIDCO യെ ഉൾപ്പെടുത്തി. |
| • സർക്കുലർ നം. ഡിഎ1/122/2023-തസ്വഭവ തിയതി 20-03-2023 | | |
| 12 | 6.1.12,<br>6.1.13 | പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണെന്ന് വ്യക്തത വരുത്തി. |
| • സ.ഉ(സാധാ)നം.1216/2023/LSGD തിയതി 12-06-2023 | | |
| 13 | ഖ.6.1.38 | കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ<br>തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലൂടെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും പാടശേഖര സമിതികൾക്കും നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഖ.6.1.38 ലെ നിബന്ധനകൾക്ക് വിധേയമായി കാർഷിക യന്ത്രവൽക്കരണ മിഷന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി. |

| • സ.ഉ(സാധാ) നം.1357/2023/LSGD തിയതി 02-07-2023 | | |
|---|---|---|
| 14 | 6.1 കൃഷി | ഒരേ സ്ഥലത്ത് ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുകയാണെങ്കിൽ ഓരോ കൃഷിക്കും മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ അതതു കൃഷിക്ക് സബസിഡി നൽകാൻ, മാർഗ്ഗരേഖയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി. എന്നാൽ അർഹതയുള്ള മുഴുവൻ കർഷകർക്കും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്സിഡി നൽകുന്നുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പാക്കണം.<br>പന്തൽ നിർമ്മാണം, സ്ട്രക്ച്ചർ നിർമ്മാണം എന്നിവയ്ക്ക് മൂന്നു വർഷത്തിലൊരിക്കൽ മാത്രമേ ധനസഹായം നൽകുവാൻ പാടുള്ളൂ. |

## ബി) കൃഷി വികസനം - മറ്റ് പ്രധാന ഉത്തരവുകൾ

### 1. വ്യക്തിഗത ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ഉല്പാദന പ്രോജക്ടുകൾ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം

- സ.ഉ(സാധാ)നം.1963/2022/LSGD തിയതി 12-08-2022

വ്യക്തിഗത ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ഉല്പാദന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുമ്പോൾ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാൻ അനുമതി നൽകി. അനിവാര്യവും സംയുക്തമായി നടപ്പാക്കുന്നതിന് പ്രായോഗികവുമായ മേഖലകളിലെ പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ. വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്.



## 2. മൃഗസംരക്ഷണം/ക്ഷീരവികസനം (ഖ.6.3)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| ● സർക്കുലർ നം. ഡിഎ1/322/2022-തസ്വഭവ തിയതി 15-09-2022 | | |
| 1 | 6.3.5 | **കന്നുകുട്ടി/പോത്തുകുട്ടി (വ്യക്തിഗതം) - സ്പഷ്ടീകരണം** കന്നുകുട്ടി എന്നതിൽ പശുകിടാവും എരുമകിടാവും ഉൾപ്പെടും എന്ന് വ്യക്തത വരുത്തി. ഇവയ്ക്ക് രണ്ടിനും പ്രത്യേക യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. |
| ● സ.ഉ(സാധാ)നം.3096/2022/LSGD തിയതി 13-12-2022 | | |
| 2 | 6.3.7 | **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - സംസ്ഥാന വിഹിതം** സംസ്ഥാന വിഹിതം ലഭിക്കാതെ വന്നാൽ, തദ്ദേശഭരണ സ്ഥാപനം തയ്യാറാകുന്നപക്ഷം 2022-23 വർഷത്തേക്ക് മാത്രം തദ്ദേശഭരണ സ്ഥാപനത്തിന് 6250 രൂപ കൂടി അനുവദിക്കാവുന്നതാണ്. |
| ● സ.ഉ(സാധാ)നം.3097/2022/LSGD തിയതി 13-12-2022 | | |
| 3 | 6.2.32 | **വെറ്ററിനറി മരുന്നുകൾ - HLL ലൈഫ് കെയർ ലിമിറ്റഡ്** മറ്റുള്ള സ്ഥാപനങ്ങളോടൊപ്പം HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്ന് വെറ്ററിനറി മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി. |
| ● സ.ഉ(സാധാ)നം.484/2023/LSGD തിയതി 25-02-2023 | | |
| 4 | 6.3.16 | **കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം** ടെണ്ടർ, ഇ-ടെണ്ടറിലൂടെ വാങ്ങുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാൻ കേരള വെറ്ററിനറി സർവ്വകലാശാല/മൃഗസംരക്ഷണ വകുപ്പിന്റെ സാക്ഷ്യപത്രം നൽകേണ്ടതാണ്. കേരള ഫീഡ്സ്, മിൽമ ഉൽപന്നങ്ങളേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുറപ്പാക്കി മറ്റു സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ, ഇ-ടെണ്ടർ മുഖേന കാലിത്തീറ്റ വാങ്ങുന്നതിന് മുന്നോടിയായി കാലിത്തീറ്റ ഉൽപാദകർക്ക് മേൽ പ്രകാരം സാക്ഷ്യപത്രം ഉണ്ടെന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്. |

## ബി) മൃഗസംരക്ഷണം/ക്ഷീരവികസനം - മറ്റ് ഉത്തരവുകൾ

### 1. Animal Birth Control (ABC) Programme **നടത്തിപ്പ് - ഉത്തരവ്**

- സ.ഉ(സാധാ)നം.2065/2022/LSGD തിയതി 23-08-2022

Animal Birth Control (ABC) Programme നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

1. **നിർവ്വഹണ ചുമതല:** ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ട് ആയാണ് എ.ബി.സി പദ്ധതി നടപ്പാക്കേണ്ടത്.

   **മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്ത് ആയിരിക്കും.** മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറണം.

   **ഫണ്ട്: പൊതുവിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട് വിഹിതം** എന്നിവ വിനിയോഗിക്കാവുന്നതാണ്.

2. പേവിഷനിർമ്മാർജ്ജന ബോധവത്ക്കരണ ക്യാമ്പയിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി സാമൂഹ്യ പ്രവർത്തകരേയും സന്നദ്ധ സംഘടനകളേയും കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പരിശീലനം നൽകണം.

3. **നിർവ്വഹണ രീതി:** ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ടോ, ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും എ.ബി.സി ചെയ്യുന്നതിന് അനുമതിയുള്ള മൃഗക്ഷേമ സംഘടനകൾ വഴിയോ പദ്ധതി നടപ്പാക്കാവുന്നതാണ്.

4. **നേരിട്ട് നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ:** തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് എ.ബി.സി പദ്ധതി നടപ്പാക്കുന്നതെങ്കിൽ ഓരോ പ്രദേശത്തെയും നായ്ക്കളുടെ എണ്ണമനുസരിച്ച് രണ്ട് ബ്ലോക്കുകൾക്ക് ഒരെണ്ണം എന്ന നിലയിൽ **ഓപ്പറേഷൻ തിയേറ്റർ, നായ്ക്കളെ താമസിപ്പിക്കാനുള്ള ഷെൽറ്റർ, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കണം.**

   ബ്ലോക്ക് പഞ്ചായത്തുകളോടൊപ്പം സമീപത്തുള്ള നഗരസഭകളേയും കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ കോർപ്പറേഷനുകൾ പ്രത്യേകമായി സൗകര്യമൊരുക്കുന്നത് പരിഗണിക്കണം.

**അടിസ്ഥാന സൗകര്യം ഒരുക്കൽ**: കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ഡോഗ് ടൂളും, Standard Operating Procedure (SOP) കൂടി പാലിച്ച് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കണം. ഇതിന്റെ മാനദണ്ഡം വെറ്ററിനറി സർജ്ജൻ നിശ്ചയിച്ച് മുഖ്യ നിർവ്വഹണ ഏജൻസികളായ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കണം. നിർമ്മിക്കുന്ന കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, Post and Pre-Operation Care Unit, സ്റ്റോർ, സി.സി ടി.വി, എയർ കണ്ടീഷണർ, കിച്ചൺ എന്നിവയടക്കമുള്ള സൗകര്യമൊരുക്കണം. കൂടാതെ ഷെൽറ്ററും ഒരുക്കണം. ഈ രീതിയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനാവശ്യമായ വിഹിതം മുഖ്യ നിർവ്വഹണ ഏജൻസിയായ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് ആ പ്രദേശത്തെയും സമീപ പ്രദേശത്തെയും ഗ്രാമപഞ്ചായത്തുകളും പങ്കാളികളാകുന്ന ബ്ലോക്ക് പഞ്ചായത്തും നഗരസഭയും കൈമാറണം. ഇപ്രകാരം ആവശ്യമായി വരുന്ന ചെലവിനുശേഷമുള്ള തുക എ.ബി.സി യുടെ പൊതു ചെലവിനായി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

5. **ബ്ലോക്ക്തല ടീം**: ഒരു വെറ്ററിനറി സർജൻ, നാല് മൃഗപരിപാലകർ, ഒരു തിയേറ്റർ സഹായി, ഒരു ശുചീകരണ സഹായി, ഡോഗ് കാച്ചേഴ്സ് എന്നിവരടങ്ങുന്ന ബ്ലോക്ക്തല ടീം രൂപീകരിച്ച് ജില്ലാതലത്തിൽ പരിശീലനം നൽകണം. ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കൂനൂരിലെ World Veterinary Service Centre ൽ അയച്ച് ഡോഗ് കാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകണം. ഇതിനാവശ്യമായ ചെലവ് എ.ബി.സി പ്രോഗ്രാമിനായി മാറ്റി വെച്ച വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. കോർപ്പറേഷൻ തലത്തിലും ഇതേപോലെ ഒരു ടീമിനെ രൂപീകരിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിൽ സെന്റർ ഇല്ലെങ്കിൽ സമീപ ബ്ലോക്ക് പഞ്ചായത്തിൽ ഒരുക്കിയിരിക്കുന്ന സൗകര്യവും ഇവിടെ രൂപീകരിച്ചിരിക്കുന്ന ടീമിന്റെ സഹായവും ഉപയോഗിക്കണം.

6. **ഡോക്ടർ, സഹായി എന്നിവരെ നിയമിക്കൽ**: ഓപ്പറേഷന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യവും ഒരുക്കിയതിനുശേഷം താഴെ പറയുന്ന രീതിയിൽ വെറ്ററിനറി ഡോക്ടറേയും സഹായികളേയും ആറു മാസത്തേക്ക് നിയമിക്കാവുന്നതാണ്. തുടർന്ന് ആവശ്യമെങ്കിൽ സേവനം ആറു മാസത്തേക്ക് കൂടി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഓരോ ദിവസവും നായ്ക്കൾക്ക് ശസ്ത്രക്രിയ നടക്കുന്നുവെന്ന് ബന്ധപ്പെട്ട ബ്ലോക്കിലെ വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തണം.

ഒരു ദിവസം കുറഞ്ഞത് എത്ര സർജ്ജറി നടത്തണം എന്നത് ഡെപ്യൂട്ടി ഡയറക്ടർ(Animal Husbandry) നിശ്ചയിക്കണം.

**നൽകാവുന്ന പ്രതിമാസ വേതനം**

- വെറ്ററിനറി സർജ്ജൻ - 44,020 രൂപ
- മൃഗപരിപാലകൻ (Animal handlers) - 20,000 രൂപ
- ഓപ്പറേഷൻ തിയേറ്റർ സഹായി - 25,000 രൂപ
- ശുചീകരണ സഹായി - 12,000 രൂപ

7. ഡോഗ് കാച്ചേഴ്സിനെ നിയോഗിച്ച് നായ്ക്കളെ പിടികൂടി കൊണ്ടു വന്ന് പാർപ്പിക്കുവാനുള്ള ഷെൽറ്റർ, ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ തുടങ്ങിയ സംവിധാനം ഒരുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക്/നഗരഭരണ സ്ഥാപനങ്ങൾക്ക് ആയിരിക്കും.
8. **വിഹിതം വകയിരുത്തൽ:** തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവു നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് വിഹിതം വകയിരുത്തേണ്ടതാണ്.

**നായ ഒന്നിന് ആകെ - 1500 രൂപ** (നായ ഒന്നിനുള്ള മരുന്ന് - 600 രൂപ, ട്രാൻസ്പോർട്ടേഷൻ - 200 രൂപ, ആഹാരം - 400 രൂപ, ഡോഗ് കാച്ചേഴ്സിന് ഒരു നായയെ പിടിക്കുന്നതിന് - 300 രൂപ).

9. **ഷെൽറ്റർ സൗകര്യം:** അതത് ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ നിന്നും പിടികൂടിയ നായ്ക്കളെ ബ്ലോക്ക്തല എ.ബി.സി സെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി അനന്തര ചികിത്സകളും നൽകി പൂർണ്ണ ആരോഗ്യം ഉറപ്പാക്കണം. പെൺ നായകൾക്ക് 5 ദിവസവും ആൺ നായകൾക്ക് 4 ദിവസവും ഷെൽറ്റർ സൗകര്യമൊരുക്കണം. ഇതിനുശേഷം ആരോഗ്യം ഉറപ്പാക്കി പഴയ സ്ഥലത്ത് തിരികെ വിടണം.
10. എ.ബി.സി പ്രോഗ്രാം പ്രകാരം നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് എ.ബി.സി ഡോഗ് റൂളും Standard Operating Procedure (SOP) പ്രകാരവുമാണെന്ന് മോണിറ്ററിംഗ് കമ്മിറ്റിയും വെറ്ററിനറി ഡോക്ടറും ഉറപ്പാക്കണം.

11. എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ(Animal Husbandry) ഖണ്ഡിക 5 പ്രകാരമുള്ള ടീം രൂപീകരിച്ച് നടപടി സ്വീകരിക്കുകയോ അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം നേടിയിട്ടുള്ള മൃഗക്ഷേമ സംഘടനയെ ചുമതലപ്പെടുത്തുകയോ ചെയ്യാം.

    **അനിമൽ വെൽഫയർ ഓർഗനൈസേഷൻ മുഖേന എ.ബിസി പ്രോഗ്രാം നടപ്പാക്കൽ:** അനിമൽ വെൽഫയർ ഓർഗനൈസേഷൻ മുഖേനയാണ് നടപ്പാക്കുന്നതെങ്കിൽ **നായ ഒന്നിന് 2100 രൂപ** നിരക്കിൽ കൈമാറേണ്ടതാണ്. മൃഗക്ഷേമ സംഘടന മുഖേനയാണ് എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതെങ്കിൽ ഖ. 4, 5, 6 പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതില്ല.

12. **തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് എ.ബി.സി പ്രോഗ്രാം നടപ്പാക്കൽ:** ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ നായകൾക്ക് ഓപ്പറേഷൻ നടത്തുന്നതിന് ആവശ്യമായ സൗകര്യമുണ്ടെങ്കിൽ അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയ്ക്ക് എ.ബി.സി പരിപാടി നടത്താവുന്നതാണ്. എന്നാൽ അതിനായി ഖണ്ഡിക 6 ൽ പറയുന്ന രീതിയിൽ ഡോക്ടറേയും സഹായികളേയും നിയമിക്കേണ്ടതില്ല. പകരം ബ്ലോക്ക്തലത്തിൽ നിയോഗിക്കുന്ന ഈ ടീമിനെ ഒഴിവു സമയം നോക്കി ഉപയോഗിക്കേണ്ടതാണ്.
13. **മോണിറ്ററിംഗ് കമ്മിറ്റി:** എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിന് സംസ്ഥാനതലം, ഗ്രാമപഞ്ചായത്ത്/നഗരസഭാതലം എന്ന രീതിയിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഇതിനകം രൂപീകരിച്ചിട്ടില്ലെങ്കിൽ ഉടൻ രൂപീകരിക്കണം.
14. ഓപ്പറേഷൻ തിയേറ്ററുമായി ബന്ധപ്പെടുന്നവർ, മൃഗപരിപാലകർ, ഡോഗ് കാച്ചേഴ്സ് എന്നിവർക്ക് നിർബന്ധമായി ആന്റി റാബീസ് വാക്സിനേഷൻ നൽകണം. നായകൾക്കും വാക്സിനേഷൻ നൽകേണ്ടതാണ്.
15. **അവശിഷ്ടങ്ങൾ സംസ്കരിക്കൽ:** നായകളുടെ ഓപ്പറേഷനുശേഷമുള്ള അവയവങ്ങൾ "IMAGE" നു നൽകണം. അല്ലെങ്കിൽ ശാസ്ത്രീയമായ നടപടികൾക്കു ശേഷം അതത് പ്രദേശത്ത് സുരക്ഷിതമായി സംസ്കരിക്കണം.
16. ഓരോ സെന്ററിലേക്കും ആവശ്യമായ ജോലിക്കാരെ അതത് പ്രദേശത്തുനിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രകാരം തെരഞ്ഞെടുക്കാവുന്നതാണ്.

17. **വളർത്തു നായകൾക്ക് വാക്സിനേഷൻ:** വീടുകളിൽ വളർത്തുന്ന എല്ലാ നായകൾക്കും കാലാകാലങ്ങളിൽ നിർബന്ധമായും വാക്സിനേഷൻ എടുക്കണം. അത് മൃഗാശുപത്രി വഴി സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ വളർത്തു നായകൾക്കും ലൈസൻസ് എടുക്കണമെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും പ്രത്യേകം നിർദ്ദേശം നൽകണം.
18. തെരുവു നായ്ക്കളേയും മറ്റുള്ളവർ ഉപേക്ഷിക്കുന്ന നായ്ക്കളേയും ദത്തെടുത്ത് വളർത്തി പരിപാലിക്കാൻ തയ്യാറുള്ളവരെ പ്രോൽസാഹിപ്പിക്കുന്നതിനും വീട്ടിൽ വളർത്തുന്ന നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയ്ക്കെതിരെയും ബോധവത്ക്കരണം നടത്തണം.
19. **നിർവ്വഹണ ഉദ്യോഗസ്ഥൻ:** ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ(Animal Husbandry) ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

## 2. തെരുവു നായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കൽ – മാർഗ്ഗ നിർദ്ദേശങ്ങൾ

- സ.ഉ(സാധാ)നം.2244/2022/LSGD തിയതി 15-09-2022

സംസ്ഥാനത്തെ തെരുവു നായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമേ ഒരു അടിയന്തിര കർമ്മപരിപാടി പ്രാദേശിക സർക്കാർ തലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കാൻ തീരുമാനിച്ചു. കർമ്മപരിപാടിക്ക് നാല് ഘടകങ്ങളുണ്ടാകും.

1. തീവ്ര വാക്സിനേഷൻ യജ്ഞം
2. തെരുവു നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമുള്ള അഭയകേന്ദ്രങ്ങൾ സജ്ജമാക്കൽ
3. ശുചിത്വയജ്ഞം
4. ഐ.ഇ.സി കാംപെയിൻ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തന ങ്ങൾക്കായി **സ്പെഷ്യൽ പ്രോജക്ട്** ആയി ചെയ്യാവുന്നതാണ്.

- വാക്സിനേഷൻ യജ്ഞം
- എ.ബി.സി കേന്ദ്രങ്ങൾ സജ്ജീകരിക്കൽ
- വാഹനം വാടകയ്ക്ക് എടുക്കൽ
- ഐ.ഇ.സി പ്രവർത്തനങ്ങൾ
- അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, പരിപാലനം
- Dog Catchers ന്റേയും മൃഗപരിപാലകരുടെയും നിയമനം/പരിശീലനം
- കർമ്മപരിപാടിയുമായി ബന്ധപ്പെട്ടുവരുന്ന മറ്റ് അത്യന്താപേക്ഷിത മരുന്നുകൾ

✓ പ്രോജക്ടുകൾക്ക് ഡി.പി.സി ക്ലിയറൻസ് ആവശ്യമില്ല. വെറ്റിംഗ് ഓഫീസറുടെ അനുമതിയോടുകൂടി നിർവ്വഹണം നടത്താവുന്നതാണ്. ഇത്തരം പ്രോജക്ടുകൾ പദ്ധതി ഭേദഗതി സമയത്ത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും ഡി.പി.സി ക്ക് സമർപ്പിക്കേണ്ടതുമാണ്.

✓ പദ്ധതി നടത്തിപ്പിനുള്ള പശ്ചാത്തല സൗകര്യം തദ്ദേശ സ്ഥാപന എഞ്ചിനിയറിംഗ് വിഭാഗം ഒരുക്കേണ്ടതാണ്.

✓ വെറ്ററിനറി ഓഫീസർമാർ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരിക്കും.

*(അസ്സൽ ഉത്തരവ് കൂടി കാണുക)*

## 3. തെരുവുനായ നിയന്ത്രണം - അധിക മാർഗ്ഗനിർദ്ദേശങ്ങൾ

- സ.ഉ(സാധാ)നം.2367/2022/LSGD തിയതി 29-09-2022

15-09-2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ നിർമ്മാണ നിർവ്വഹണ മേഖ ലകളിലെ ചുമതലകളിന്മേൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

## വളർത്തു നായകൾക്ക് വാക്സിനേഷനൻ

വളർത്തു നായ്ക്കൾക്ക് മൃഗാശുപത്രിയിൽവെച്ചു നടത്തുന്ന പേവിഷ പ്രതിരോധ കുത്തി വയ്പിന് ഒ.പി ടിക്കറ്റ് ചാർജ്ജ് ഇനത്തിൽ 15 രൂപയും വാക്സിനേഷൻ ടിക്കറ്റ് ചാർജ്ജി നത്തിൽ 15 രൂപയും ചേർത്ത് 30 രൂപയാണ് ഈടാക്കുന്നത്. വാക്സിനേഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

## വളർത്തു നായകൾക്ക് ലൈസൻസ്, ലൈസൻസ് ഫീ

- വാക്സിനേഷൻ നടത്തുന്ന നായകളുടെ ഉടമസ്ഥരോട് വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസിനുവേണ്ടി അപേക്ഷിക്കുന്നതിന് വാക്സിനേഷൻ സമയത്തുതന്നെ നിർദ്ദേശം നൽകേണ്ടതാണ്.
- ലൈസൻസിനുള്ള അപേക്ഷ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഓഫീസിൽ എത്താതെതന്നെ ILGMS ന്റെ ഭാഗമായ citizen.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴി ഫീസ് അടച്ച് നൽകാവുന്നതാണെന്നും ലൈസൻസ് അതുവഴിയും തപാലിലും ലഭിക്കുന്നതാണെന്നും ഉടമസ്ഥരെ അറിയിക്കേണ്ടതാണ്.
- നഗരസഭകളുടെ കാര്യത്തിൽ അതത് ബൈലോ പ്രകാരവും ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 1998 ലെ കേരള പഞ്ചായത്ത് രാജ്(പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവുമാണ് ലൈസൻസ് നൽകുന്നത്.

ഗ്രാമപഞ്ചായത്തുകളുടെ ലൈസൻസ് ഫീസ് ചട്ടം 4 ൽ നിശ്ചയിട്ടുള്ള 10 രൂപ എന്നത് 15-10-2022 മുതൽ 50 രൂപയായി വർദ്ധിപ്പിച്ചു.

**എ.ബി.സി പരിപാടിക്കായി നായകളെ കൊണ്ടുവരുന്നവർക്കുള്ള പ്രതിഫലം:** തെരുവുനായകളുടെ വാക്സിനേഷനും വന്ധ്യംകരിക്കുന്നതിനുമായി അവയെ കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരുന്ന വ്യക്തികൾക്ക് 500 രൂപ പ്രതിഫലമായി നൽകണമെന്നത് എ.ബി.സി പ്രവർത്തനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി.

*(അസ്സൽ ഉത്തരവ് കൂടി കാണുക)*



## 3. മത്സ്യമേഖല (ഖ.6.4)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.449/2023/LSGD തിയതി 21-2-2023 | | |
| 1 | 6.4. ബി.3 | **കൂടിലെ മത്സ്യകൃഷി-സബ്സിഡി**<br>കൂടിലെ മത്സ്യകൃഷിക്കുള്ള സബ്സിഡി നിരക്ക് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 6X4X1.25 മീറ്റർ വലുപ്പമുള്ള (30 ക്യൂ.മീ) രണ്ട് കൂടുകൾ അടങ്ങുന്നതാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്. ഇങ്ങനെയുള്ള ഒരു യൂണിറ്റിന്റെ യൂണിറ്റ് ചെലവിന്റെ 40 ശതമാനം തുക പൊതു വിഭാഗത്തിനും 75 ശതമാനം തുക പട്ടികജാതി വിഭാഗത്തിനും 100 ശതമാനം തുക പട്ടികവർഗ്ഗ വിഭാഗത്തിനും നൽകാം.<br>മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല. |

### ബി) മത്സ്യ മേഖല – മറ്റ് ഉത്തരവുകൾ

### 1. മുനിസിപ്പൽ കോർപ്പറേഷന്റെ മത്സ്യ മേഖലയിലെ പ്രോജക്ട് നിർവ്വഹണ ചുമതല

- **സ.ഉ(സാധാ)നം.2610/2022/LSGD തിയതി 27-10-2022**

മുനിസിപ്പൽ കോർപ്പറേഷനിലെ മത്സ്യമേഖലയിലെ പ്രോജക്ട് നിർവ്വഹണ ചുമതലയിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ നിലനിർത്തിക്കൊണ്ട്, ഫിഷറീസ് എക്സ്ടൻഷൻ ഓഫീസർമാർക്കു കൂടി പദ്ധതി നിർവ്വഹണ ചുമതല നൽകി.



## 4. പ്രാദേശിക സാമ്പത്തിക വികസനം (ഖ.6.5)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ.നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.2759/2022/LSGD തിയതി 09-11-2022 | | |
| 1 | 6.5.3.2 | **കൈത്തറി – ഖാദി വ്യവസായം, ഖാദി ഗ്രാമ വ്യവസായ പ്രോൽസാഹനം**<br>ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി ഗ്രാമ വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 സബ്സിഡി നൽകാവുന്നതാണ്.<br>സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന മറ്റ് സ്ഥാപനങ്ങൾക്ക്/സംഘങ്ങൾക്ക് നൽകാവുന്ന സബ്സിഡി 80 ശതമാനം എന്നത് 50 ശതമാനമായി പരിമിതപ്പെടുത്തി. |

### ബി) പ്രാദേശിക സാമ്പത്തിക വികസനം – മറ്റ് ഉത്തരവുകൾ

### 1. പ്രാദേശിക സാമ്പത്തിക വികസനം – ആയിരത്തിൽ അഞ്ചു പേർക്ക് തൊഴിൽ – വിവരശേഖരണത്തിനായി പോർട്ടൽ

- ജി.ഒ(ആർടി)നം.1431/2022/ LSGD തിയതി 12-06-2022

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഓരോ വർഷവും ആയിരത്തിൽ അഞ്ചു പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ എണ്ണവും അനുബന്ധ വിവരങ്ങളും പഞ്ചായത്ത് – നഗര ഡയറക്ടർമാർ ശേഖരിക്കുകയും പ്രിൻസിപ്പൽ ഡയറക്ടർ അത് ഏകോപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിവരങ്ങൾ ലഭ്യമാക്കി ക്രോഡീകരിക്കുന്നതിനായി ഫലപ്രദമായ ഒരു പോർട്ടൽ വികസിപ്പിക്കുന്നതിനും തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

## 2. തൊഴിൽസഭ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ

- സ.ഉ(കൈ)നം.214/2022/ LSGD തിയതി 15-09-2022

പ്രാദേശിക സാമ്പത്തിക വികസനം - തൊഴിൽ/സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിനായി തൊഴിൽ സഭകൾ വിളിച്ചു ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.

*(അസ്സൽ മാർഗ്ഗരേഖ കാണുക)*

## 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ

- സ.ഉ(കൈ)നം.03/2023/ LSGD തിയതി 04-01-2023

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.

*(അസ്സൽ മാർഗ്ഗരേഖ കാണുക)*

## 5. കുടിവെള്ളം (ഖ.6.6)

## 1. തിരികെ ലഭിക്കുന്ന ഡെപ്പോസിറ്റ് തുക ജലജീവൻ പദ്ധതിക്കായി ഉപയോഗിക്കൽ

- സ.ഉ(സാധാ)നം.1785/2022/ LSGD തിയതി 25-07-2022

കേരള വാട്ടർ അതോറിറ്റിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ തിരികെ ലഭിക്കുന്ന തുക ജലജീവൻ പദ്ധതിക്കായി സ്ഥലം കണ്ടെത്തൽ, തദ്ദേശ ഭര ണ സ്ഥാപനത്തിന്റെ വിഹിതം എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

## 6. ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് (ഖ.6.7)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| ● സ.ഉ(സാധാ)നം.2604/2022/LSGD തിയതി 27-10-2022 | | |
| 1 | 6.7.1 | **ലൈഫ് ഭവനം-പട്ടികവർഗ്ഗവിഭാഗം - ധനസഹായം**<br>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപ നൽകാവുന്നതാണ്.<br>(മറ്റുള്ളവർക്ക് 4 ലക്ഷം രൂപ) |
| ● സ.ഉ(സാധാ)നം.440/2023/ LSGD തിയതി 21-02-2023 | | |
| 2 | 6.7.3, 6.7.4 | **വീട് അറ്റകുറ്റപ്പണികൾ (മേൽക്കൂര മാറ്റൽ, വാസയോഗ്യമാക്കൽ)-കാലയളവ്**<br>വീട് അറ്റകുറ്റപ്പണിക്ക് ഗ്രാമസഭ/വാർഡ്സഭ തീരുമാനപ്രകാരമോ അടിയന്തിര സാഹചര്യമനുസരിച്ചോ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ പരിമിതപ്പെടുത്തി, ഒരിക്കൽ ധനസഹായം നൽകി കുറഞ്ഞത് മൂന്ന് വർഷമെങ്കിലും കഴിഞ്ഞതിനുശേഷം മാത്രമേ വീണ്ടും ധനസഹായം നൽകാവൂ. |

### ബി) ഭവന നിർമ്മാണം - മറ്റ് ഉത്തരവുകൾ

#### 1. ഐ.എ.വൈ വിഹിതത്തിലെ ബാക്കി തുകയുടെ വിനിയോഗം

- സ.ഉ(സാധാ)നം.1531/2022/ LSGD തിയതി 25-06-2022

ബ്ലോക്ക് പഞ്ചായത്തുകളിൽ ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാതെ മിച്ചമുള്ള തുക ഈ വർഷം പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള വീടുകൾ/ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകി. ഈ രണ്ട് തരത്തിലുള്ള ലക്ഷ്യങ്ങളും പൂർത്തീകരിച്ചതിനു ശേഷമേ മറ്റ് വീടുകളുടെ നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവയ്ക്കായി ഈ തുക ഉപയോഗിക്കാവൂ.

## 7. ശുചിത്വം, മാലിന്യ സംസ്കരണം (ഖ.6.8)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • G.O(Ms )No.59/2022/LSGD തിയതി 14-03-2022 | | |
| 1 | 6.8. ഡി.11 | **തെളിനീരൊഴുകും നവകേരളം - സമ്പൂർണ്ണ ജല ശുചിത്വ യജ്ഞം - മാർഗ്ഗരേഖ**<br>സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുക എന്ന പൊതു ലക്ഷ്യം മുൻനിർത്തിയുള്ള മാർഗ്ഗരേഖ അംഗീകരിച്ചു.<br>*(മാർഗ്ഗരേഖ കാണുക)*<br>• സ.ഉ(സാധാ)നം.999/2022/ LSGD തിയതി 21-04-2022 പ്രകാരം സമ്പൂർണ്ണ ജല ശുചിത്വ യജ്ഞത്തിന്റെ കാലഗണന പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| • സ.ഉ(സാധാ)നം.2035/2022/LSGD തിയതി 20-08-2022 | | |
| 2 | അനുബന്ധം-3 | **ബൊക്കാഷി ബക്കറ്റ്**<br>സബ്സിഡി മാർഗ്ഗരേഖയുടെ അനുബന്ധം-3 ൽ 'ബൊക്കാഷി ബക്കറ്റ്' എന്ന ഇനം കൂടി ഉൾപ്പെടുത്തി. ശുചിത്വ മിഷൻ ഒഴിവാക്കുന്ന യൂണിറ്റുകളിൽ നിന്നും വാങ്ങുവാൻ പാടുള്ളതല്ല. കാലാകാലങ്ങളിൽ ശുചിത്വ മിഷൻ അംഗീകരിക്കുന്ന ഏജൻസികളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി. കാലാകാലങ്ങളിൽ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന വില, നിബന്ധനകൾ എന്നിവ ബാധകമാണ്. |

## ബി) ശുചിത്വം-മാലിന്യ സംസ്കരണം-മറ്റ് ഉത്തരവുകൾ

### 1. ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ യൂണിറ്റ് കോസ്റ്റ്

Proceedings No:2869/C2/2016/SM dated 16.09.2022 പ്രകാരം ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ യൂണിറ്റ്കോസ്റ്റ് ശുചിത്വ മിഷൻ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

*(കൈപ്പുസ്തകത്തിന്റെ അനുബന്ധത്തിൽ പട്ടിക നൽകിയിട്ടുണ്ട്. ആയത് കാണുക)*

## 8. സാമൂഹ്യനീതി (ഖ.7.1)

## എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.1396/2023/LSGD തിയതി 07-07-2023 | | |
| 1 | 7.1.2 (ഡി) | ഖണ്ഡികയിലെ "കാഴ്ചശക്തി കുറഞ്ഞവർ" എന്ന തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പെടെയുള്ള കാഴ്ച പരിമിതർ" എന്ന് ഭേദഗതി ചെയ്തു. |
| • സർക്കുലർ നം. ഡി.എ1/387/2022-തസ്വഭവ തിയതി 08-11-2022 | | |
| 2 | 7.1.4.2 | **ഭിന്നശേഷിക്കാർക്കുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ വാങ്ങി നൽകൽ**<br>ഭിന്നശേഷിക്കാർക്ക് നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാപഞ്ചായത്ത് മുഖേന വാങ്ങേണ്ടതാണ്. ഒരു ജില്ലയിലേക്കുള്ളത് ഒരുമിച്ചു വാങ്ങിയാൽ വില കുറച്ച് ലഭ്യമാകും എന്നതിനാലാണ് ഇത്. എന്നാൽ ഇവ ഗ്രാമപഞ്ചായത്തുകൾ മുഖേന വേണം വിതരണം ചെയ്യേണ്ടത്. നഗരഭരണ സ്ഥാപനങ്ങൾക്ക് ആയത് നേരിട്ട് വാങ്ങാവുന്നതാണ്. |

| | | |
|---|---|---|
| • സർക്കുലർ നം. ഡി.എ1/232/2023-തസ്വഭവ തിയതി 07-07-2023 | | |
| 3 | 7.1.6 | **സ്കോളർഷിപ്പ്/ബത്ത**<br>ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മുഴുവൻ തുകയും ഭിന്നശേഷി സ്കോളർഷിപ്പ് ഇനത്തിൽ നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.<br>ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം-60:30:10 |
| • സ.ഉ(സാധാ)നം.1394/2023/LSGD തിയതി 07-07-2023 | | |
| 4 | 7.1.6 (ബി) | **യാത്രാബത്ത - 12000 രൂപ**<br>മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ യാത്രാബത്ത നൽകാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികളിൽ ബഡ്സ് സ്കൂളിൽ/സ്പെഷ്യൽ സ്കൂളിൽ പോകുന്നവരും സാധാരണ സ്കൂളിൽ പോകുന്നവരുമുണ്ട്. ഇതിൽ ഏതെങ്കിലും സ്കൂളുകൾ വർഷത്തിൽ ഒന്നോ രണ്ടോ മാസം പ്രവർത്തിക്കുന്നില്ല. എങ്കിലും, പ്രതിവർഷം 12000 രൂപ ആകെ തുക എന്ന നിലയിൽ കണക്കാക്കി ഈ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്. |
| • സർക്കുലർ നം. ഡി.എ1/190/2023-തസ്വഭവ തിയതി 30-06-2023 | | |
| 5 | 7.1.15 | **വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം**<br>വിധവാ പെൻഷന്റെ മാനദണ്ഡങ്ങൾ പരിഗണിച്ചും ഭർത്താവിനെ കാണാതായി ഏഴുവർഷം കഴിഞ്ഞുവെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം പരിഗണിച്ചും ഭർത്താവ് ഉപേക്ഷിച്ചവർക്കും ഭർത്താവിനെ കാണാതായവർക്കും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം നൽകാവുന്നതാണ്. |



## 9. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ (ഖ.7.2)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.2247/2022/LSGD തിയതി 15-09-2022 | | |
| 1 | 7.2 | **ഐ.ടി.ഐ, പോളി ടെക്നിക് കോഴ്സ് പാസായവർക്ക് ടൂൾ കിറ്റ്**<br>ഐ.ടി.ഐ, പോളി ടെക്നിക് കോഴ്സ് പാസായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ ട്രേഡിന് (ഇലക്ട്രീഷ്യൻ, പൈപ്പ് ഫിറ്റർ, വെൽഡിംഗ് തുടങ്ങിയ കോഴ്സുകൾ) അനുസരിച്ചുള്ള ടൂൾ കിറ്റ് വാങ്ങി നൽകാൻ അനുമതി നൽകി. ഏതൊക്കെ ഉപകരണങ്ങ ളാണ് നൽകാവുന്നതെന്നും ഇതിന്റെ യൂണിറ്റ് നിരക്ക് എന്താണെന്നും യൂണിറ്റ് നിരക്ക് നിശ്ചയിക്കാനുള്ള ജില്ലാതല കമ്മിറ്റി തീരുമാനിക്കേണ്ട താണ്. ജില്ലാതല കമ്മിറ്റിയിൽ ജില്ലയിലെ പോളി ടെക്നിക്/ഐ.ടി.ഐ പ്രിൻസിപ്പൽമാരിൽ ഒരാളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ടൂൾ കിറ്റിന് 75% സബ്സിഡി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭ രണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി. |
| • സ.ഉ(സാധാ)നം.2593/2022/LSGD തിയതി 26-10-2022 | | |
| 2 | 7.2.1 | **വിവാഹ ധനസഹായം**<br>തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ത്തിലെ പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായ തുക 1.25 ലക്ഷം രൂപയായി ഉയർത്തി.<br>പട്ടികജാതി വിഭാഗക്കാരുടെ വാർഷിക പരിധി 3 ലക്ഷം രൂപ എന്ന മാന ദണ്ഡം പാലിക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല.<br>15-10-2022 നുശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ഈ നിരക്ക് ബാധ കമായിരിക്കുക. |

| | | |
|---|---|---|
| • **സർക്കുലർ നം.ഡിഎ1/120/2023-തസ്വഭവ തിയതി 17-03-2023** | | |
| 3 | 7.2.7 | **വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-ആനുകൂല്യത്തിന് അർഹമായ കോഴ്സുകൾ**<br>നിലവിൽ അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് പുറമേ **ഐ.ടി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ** എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകാവുന്നതാണ്.<br>മത്സ്യതൊഴിലാളി വിഭാഗത്തിലെ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഖ.7.3.1 ലെ നിബന്ധനകൾക്ക് വിധേയമായി ലാപ്ടോപ് നൽകാവുന്നതാണ്. |
| • സ.ഉ(സാധാ)നം.635/2023/LSGD തിയതി 17-03-2023 | | |
| 4 | 7.2.22 | **അഭ്യസ്ഥ വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം**<br>ബി.എം.എൽ.റ്റി കോഴ്സിനോടൊപ്പം ഡി.എം.എൽ.റ്റി കോഴ്സ് പാസായവരെ കൂടി തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി. പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ/അംഗീകാരം ഉള്ള ബി.എം.എൽ.റ്റി, ഡി.എം.എൽ.റ്റി കോഴ്സ് പാസായവരെ മാത്രമേ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കുവാൻ പാടുള്ളൂ.<br>ബി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 8000 രൂപയും ഡി.എം.എൽ.റ്റി യോഗ്യതയുള്ളവർക്ക് 7000 രൂപയും സ്റ്റൈപന്റ് ആയി നൽകാവുന്നതാണ്. |
| • സ.ഉ(സാധാ)നം738/2023/LSGD തിയതി 28-03-2023 | | |
| 5 | 7.2.13 | **പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - ഭേദഗതി**<br>ഖ.7.2.13 ലെ പുതുക്കിയ വ്യവസ്ഥകൾക്ക് 01-04-2023 മുതൽക്കാണ് പ്രാബല്യം. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഖ. 2.13 പ്രകാരം ആയിരിക്കുന്നതാണ്. പുതുക്കിയ ഖണ്ഡിക താഴെ ചേർക്കുന്നു.<br>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം യാഥാർത്ഥ്യമാകണമെങ്കിൽ അവർക്ക് മികച്ച് വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതുണ്ട്. അതിന് ആവശ്യമായ പഠനസൗകര്യം |

| | | |
|---|---|---|
| | | ഉറപ്പാക്കുന്നതിനായി വീടുകളോടനുബന്ധിച്ച് പഠനമുറി നിർമ്മിക്കുന്നതിന് **പരമാവധി രണ്ടു ലക്ഷം രൂപ വരെ** ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു;<br>1. സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും **5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്.**<br>2. **800 ചതുരശ്ര അടിയിൽ കൂടാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തൃതിയിലാണ് പഠനമുറി നിർമ്മിക്കേണ്ടത്.**<br>120 ചതുരശ്ര അടിയിൽ പഠനമുറി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ 100 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തൃതിയിൽ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.<br>3. **പഠനമുറി നിർമ്മിക്കുന്നതിന് 50,000 രൂപ മുൻകൂറായി നൽകാം.**<br>തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000 രൂപ വീതമുള്ള രണ്ട് ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം.<br>4. ആവശ്യമായ അളവിൽ പഠനമുറി നിർമ്മിക്കുന്നതിന് മതിയായ സ്ഥലസൗകര്യമില്ലാത്തവർക്ക് നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണ്.<br>5. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം ഏറ്റവും കുറവുള്ള കുടുംബം, ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥിനികളായുള്ള കുടുംബം, വിധവ കുടുംബനാഥയായിട്ടുള്ള കുടുംബം, കിടപ്പു രോഗികൾ/മാരക രോഗികൾ ഉള്ള കുടുംബം, ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകേണ്ടതാണ്. മാനദണ്ഡങ്ങൾ ഒരുപോലെ വരുന്ന സാഹചര്യത്തിൽ കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകേണ്ടതാണ്. |

| | | |
|---|---|---|
| | | 6. ഗുണഭോക്തൃലിസ്റ്റിലെ അർഹതയുള്ള എല്ലാ 12-ാം ക്ലാസ് വിദ്യാർത്ഥി കളെയും ആനുകൂല്യത്തിനായി ആദ്യം പരിഗണിക്കണം. അതിനുശേഷം 11 മുതൽ താഴോട്ടുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ ഇതേ രീതിയിൽ പരിഗണിക്കേണ്ടതാണ്.<br>7. ആനുകൂല്യത്തിന് അർഹതയുള്ള വിദ്യാർത്ഥികളുടെ പേര് ഉൾപ്പെ ടുന്ന റേഷൻ കാർഡിൽ പ്രതിപാദിച്ചിരിക്കുന്ന കുടുംബാംഗത്തിന്റെ ഉടമ സ്ഥതയിൽ ഉള്ള വീട്ടിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. അതായത്, വീട് വിദ്യാർത്ഥിയുടെ മാതാവിന്റെയോ പിതാവിന്റെയോ പേരിൽ തന്നെ വേണമെന്ന് നിഷ്കർഷിക്കേണ്ടതില്ല. ഈ ഉത്തരവ് തിയതിയിലുള്ള റേഷൻകാർഡ് വിവരങ്ങളാണ് അടിസ്ഥാനമാക്കേണ്ടത്.<br>8. പഠനമുറിയുടെ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവൃത്തികൾ (ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റ് അടക്കം) ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100 രൂപ കൂടി വാല്യുവേഷൻ തുക യിൽ ചേർക്കാവുന്നതാണ്. എന്നാൽ ഈ തുക ഉൾപ്പെടെ പഠനമുറി ക്കായി നൽകുന്ന പരമാവധി ആനുകൂല്യം 2 ലക്ഷം രൂപയിൽ കൂടുവാൻ പാടുള്ളതല്ല. |

## ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം - മറ്റ് ഉത്തരവുകൾ

### 1. പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവന ങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ പരിമിതപ്പെടുത്തി

- **സ.ഉ(സാധാ)നം.632/2023/ SCSTD തിയതി 24-05-2023**

പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾക്കായി സമർപ്പി ക്കുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ എണ്ണം ലഘൂക രിച്ചു.

**ഉദാ. എ) വിവാഹധനസഹായം**

- അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്
- കുടുംബ വാർഷികവരുമാന സർട്ടിഫിക്കറ്റ്
- വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ഫണ്ട് റിലീസിന്)

### ബി) പഠനമുറി

- ഇ-ഗ്രാന്റ്സ് ഐ.ഡി
- ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

*(ഉത്തരവ് കാണുക)*

## 2. ഗോത്രസാരഥി പദ്ധതി

### എ) ഗോത്രസാരഥി പദ്ധതി-കുറവുള്ള തുക തദ്ദേശഭരണ സ്ഥാപനം വഹിക്കണം

- സർക്കുലർ നം.ഡിഎ1/395/2019-തസ്വഭവ തിയതി 27-10-22

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ള 'ഗോത്രസാരഥി' പദ്ധതി 2020-21 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് നടപ്പാക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആവശ്യമായ തുകയോക്കാൾ കുറവായാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തുക ടി.ഡി.ഒ മാർക്ക് ലഭ്യമാകുന്നതെങ്കിൽ കുറവുള്ള തുക തദ്ദേശഭരണ സ്ഥാപനം വകയിരുത്തേണ്ടതാണ്.

### ബി) 'ഗോത്രസാരഥി പദ്ധതി' യുടെ പുന:നാമകരണം

- സ.ഉ(സാധാ)നം.415/2023/SCSTD തിയതി 30-03-2023

'ഗോത്രസാരഥി പദ്ധതി' 'വിദ്യാവാഹിനി' എന്ന് പുന:നാമകരണം ചെയ്തു.

### സി) 'വിദ്യാവാഹിനി' ക്കായി തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ട് ഏറ്റെടുക്കരുത്

- സർക്കുലർ നം.ഡിഎ1/174/2023-തസ്വഭവ തിയതി 17-05-23

'ഗോത്രസാരഥി' പദ്ധതിയുടെ പേര് 'വിദ്യാവാഹിനി' എന്ന് പുന:നാമകരണം ചെയ്യുകയും പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നടപ്പാക്കുവാൻ തീരുമാനിക്കുകയും ചെയ്തതിനാൽ ഇനി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിനായി പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു.

## 10. മത്സ്യതൊഴിലാളി ക്ഷേമം (ഖ.7.3)

## എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ.നം. | ഭേദഗതി |
|---|---|---|
| • സർക്കുലർ നം.ഡിഎ1/120/2023-തസ്വഭവ തിയതി 17-03-2023 | | |
| 1 | 7.3.1 | **വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-ആനുകൂല്യത്തിന് അർഹമായ കോഴ്സുകൾ**<br>നിലവിൽ അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് പുറമേ ഐ.ടി.ഐ, അംഗീകൃത മെഡിക്കൽ സയൻസ് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകാവുന്നതാണ്.<br>മത്സ്യതൊഴിലാളി വിഭാഗത്തിലെ കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഖ.7.3.1 ലെ നിബന്ധനകൾക്ക് വിധേയമായി ലാപ്ടോപ് നൽകാവുന്നതാണ്. |
| • സ.ഉ(സാധാ)നം.679/2023/LSGD തിയതി 21-03-2023 | | |
| 2 | 7.3.2 | **വിദ്യാർത്ഥികൾക്ക് മേശയും കസേരയും**<br>ഖ.7.3.2 താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു.<br>“രജിസ്റ്റേർഡ് മത്സ്യതൊഴിലാളികളുടെയോ അനുബന്ധ മത്സ്യതൊഴിലാളികളുടെയോ മത്സ്യതൊഴിലാളി/ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പറ്റിയ മത്സ്യ അനുബന്ധ തൊഴിലാളികളുടെയോ മക്കൾക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഫർണീച്ചർ(തടികൊണ്ടുള്ള മേശ, കസേര) വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരം ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള ലിസ്റ്റ് പിന്നീട് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത് ചേരുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ഇപ്രകാരം ഫർണീച്ചർ വാങ്ങി നൽകുന്നതിന് ഒരു ഗുണഭോക്താവിന് 6000 രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണ്. |

## 11. വിദ്യാഭ്യാസം

### 1. ഗ്രന്ഥശാലകളുടെ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ, ആധുനികവത്ക്കരണം

- സ.ഉ(സാധാ)നം.169/2023/LSGD തിയതി 20-01-2023

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവ അടക്കമുള്ള ഭൗതിക സാഹചര്യങ്ങളും കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവത്ക്കരണത്തിനുള്ള സൗകര്യങ്ങളും ഒരുക്കുന്നതിന് ജില്ലാപഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കുവാൻ അനുമതി നൽകി.

### 2. ഹയർ സെക്കണ്ടറി സ്കൂളുകളിലെ ജലഗുണനിലവാര നിർണ്ണയ ലാബുകളുടെ ചെലവ്

- സ.ഉ(സാധാ)നം.953/2023/LSGD തിയതി 02-05-2023

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ജലഗുണനിലവാര നിർണ്ണയ ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികളുടെയും അധിക പരിശോധന ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിക്കുന്നതിനുള്ള ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കാൻ അനുമതി നൽകി.

### 3. സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐ.സി.ടി ഉപകരണങ്ങൾ വാങ്ങൽ-മാർഗ്ഗനിർദ്ദേശങ്ങൾ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾക്കും വിന്യാസത്തിനുമായി **സ.ഉ(സാധാ)നം.3847/2019/പൊ.വി.വ തിയതി 27-09-2019** പ്രകാരം 15 വ്യവസ്ഥകൾ ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളോടൊപ്പം വിവിധ ഉപകരണങ്ങളുടെ നിരക്കും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

| | |
|---|---|
| 1. ലാപ്ടോപ്പ് | - 29567 രൂപ |
| 2. പ്രൊജക്ടർ | - 22509 രൂപ |
| 3. യു.എസ്.ബി സ്പീക്കർ | - 401 രൂപ |
| 4. പ്രോജക്ടർ സീലിംഗ് മൗണ്ട് കിറ്റ് | - 4900 രൂപ |

| | |
|---|---|
| 5. പ്രൊജക്ടർ സ്ക്രീൻ | - 2200 രൂപ |
| 6. 43 ഇഞ്ച് എൽ.സി.ഡി ടി.വി | - 34641 രൂപ |

*(ഉത്തരവ് കാണുക)*

**സ.ഉ(സാധാ)നം.830/2022/GEDN തിയതി 14-02-2022** പ്രകാരം സ.ഉ(സാധാ)നം.3847/2019/പൊ.വി.വ തിയതി 27-09-2019 പുറപ്പെടുവിച്ച 15 വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ ഉത്തരവിന്റെ അനുബന്ധത്തിലെ സാമഗ്രികളുടെ നിരക്ക് മാത്രം പുതുക്കി നിശ്ചയിച്ചു.

| | |
|---|---|
| 1. ലാപ്ടോപ് | - 43981 രൂപ |
| 2. മൾട്ടി മീഡിയ പ്രൊജക്ടർ | - 31248 രൂപ |
| 3. യു.എസ്.ബി സ്പീക്കർ | - 867 രൂപ |
| 4. വാൾടൈപ്പ് പുൾഡൗൺ പ്രൊജക്ഷൻ സ്ക്രീൻ | - 2600 രൂപ |
| 4. പ്രോജക്ടർ സീലിംഗ് മൗണ്ട് കിറ്റ് | - 6200 രൂപ |

**സ.ഉ(സാധാ)നം.818/2023/GEDN തിയതി 30-01-2023** പ്രകാരം സ.ഉ(സാധാ)നം.3847/2019/പൊ.വി.വ തിയതി 27-09-2019 പുറപ്പെടുവിച്ച 15 വ്യവസ്ഥകൾക്ക് മാറ്റമില്ലാതെ അനുബന്ധത്തിലെ സാമഗ്രികളുടെ നിരക്ക് വീണ്ടും പുതുക്കി നിശ്ചയിച്ചു.

| | |
|---|---|
| 1. ലാപ്ടോപ് | - 35207 രൂപ |
| 2. മൾട്ടി മീഡിയ പ്രൊജക്ടർ | - 31248 രൂപ |
| 3. യു.എസ്.ബി സ്പീക്കർ | - 867 രൂപ |
| 4. വാൾടൈപ്പ് പുൾഡൗൺ പ്രൊജക്ഷൻ സ്ക്രീൻ | - 3000 രൂപ |
| 4. പ്രോജക്ടർ സീലിംഗ് മൗണ്ട് കിറ്റ് | - 7130 രൂപ |



## 12. പൊതുജനാരോഗ്യം (ഖ.7.6)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| ● സർക്കുലർ നം. ഡിഎ1/278/2022-തസ്വഭവ തിയതി 17-08-2022 | | |
| 1 | 7.6.8 | **മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ – HLL, വനിതാ വികസന കോർപ്പറേഷൻ** ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്(HLL) പൊതുമേഖലാ സ്ഥാപനമായതിനാലും മെൻസ്ട്രുവൽ കപ്പ് ഉത്പാദിപ്പിക്കുന്നുണ്ട് എന്നതിനാലും ടെണ്ടർ/ക്വട്ടേഷൻ ഒഴിവാക്കി മെൻസ്ട്രുവൽ കപ്പ് HLL ൽ നിന്ന് വാങ്ങുവാൻ അനുമതി നൽകി. ഒപ്പം വനിതാ വികസന കോർപ്പറേഷനിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ ആയത് വാങ്ങാവുന്നതാണ്. |
| ● സ.ഉ(സാധാ)നം.2243/2022/LSGD തിയതി 15-09-2022 | | |
| 2 | 7.6.4 (1)(i) | **അലോപ്പതി ഔഷധങ്ങൾ വാങ്ങൽ – നീതി സ്റ്റോർ** KMCL ൽ നിന്ന് അലോപ്പതി മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്യാവശ്യമുള്ള വരുന്നുകൾ വാങ്ങുവാൻ നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളോടൊപ്പം സഹകരണ വകുപ്പിനു കീഴിലുള്ള നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്തി. |
| ● സ.ഉ(സാധാ)നം.2596/2022/LSGD തിയതി 26-10-2022 | | |
| 2 | 7.6.4 (1)(i) | **അലോപ്പതി ഔഷധങ്ങൾ വാങ്ങൽ – SATHHES നു കീഴിലുള്ള ഇൻഹൗസ് ഡ്രഗ്ബാങ്ക്** KMCL ൽ നിന്ന് അലോപ്പതി മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്യാവശ്യമുള്ള വരുന്നുകൾ വാങ്ങുവാൻ നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളോടൊപ്പം SAT ആശുപത്രിയിൽ പ്രവർത്തിക്കുന്ന ശ്രീ അവിട്ടം തിരുനാൾ ആശുപത്രി ഹെൽത്ത് എഡ്യുക്കേഷൻ സൊസൈറ്റിയുടെ(SATHHES) കീഴിലുള്ള ഇൻഹൗസ് ഡ്രഗ്ബാങ്കിനെ കൂടി ഉൾപ്പെടുത്തി. |

| | | |
|---|---|---|
| • സ.ഉ(സാധാ)നം.3097/2022/LSGD തിയതി 13-12-2022 | | |
| 3 | 7.6.4 (1)(i) | **അലോപ്പതി ഔഷധങ്ങൾ വാങ്ങൽ - HLL ലൈഫ് കെയർ ലിമിറ്റഡ്**<br>KMCL ൽ നിന്ന് അലോപ്പതി മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്യാവശ്യമുള്ള മരുന്നുകൾ വാങ്ങുവാൻ നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളോടൊപ്പം - HLL ലൈഫ് കെയർ ലിമിറ്റഡിനെ കൂടി ഉൾപ്പെടുത്തി. |
| • സ.ഉ(സാധാ)നം.674/2023/LSGD തിയതി 21-03-2023 | | |
| 4 | 7.6.4 (1)(ii) | **ആയുർവേദ ഔഷധങ്ങൾ വാങ്ങൽ - കേരളശ്രീ ആയുർവേദിക്സ്**<br>വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള വിലയിൽ കൂടാതെ, മറ്റ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേരളശ്രീ ആയുർവേദിക്സ് എന്ന സ്ഥാപനം ലോൺ ലൈസൻസിൽ തനതായി ഉത്പാദിപ്പിക്കുന്ന, ഡ്രഗ് കൺട്രോളറുടെ അംഗീകാരമുള്ള ഔഷധങ്ങൾ വാങ്ങാൻ 13-03-2024 വരെ അനുമതി നൽകി. |

## ബി) പൊതുജനാരോഗ്യം-മറ്റ് ഉത്തരവുകൾ

### 1. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു

- സ.ഉ(സാധാ)നം.1373/2022/LSGD തിയതി 03-06-2022

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18390 രൂപയായി 01-02-2021 തിയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചു.

### 2. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ -അപ്രൈസൽ കമ്മിറ്റി

- സ.ഉ(സാധാ)നം.1191/2023/LSGD തിയതി 08-06-2023

പാലിയേറ്റീവ് കെയർ നഴ്സുമാരുടെ കരാർ പുതുക്കൽ, അനധികൃതമായി പിരിച്ചു വിടൽ, ശിക്ഷണ നടപടി എന്നിവ നടപ്പാക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് തലത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്തുമായി ബന്ധപ്പെട്ട സി.എച്ച്.സിയിലെ ഒരു

മെഡിക്കൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു മൂന്നംഗ അപ്രൈസൽ കമ്മിറ്റി രൂപീകരിക്കുന്നതിനും അപ്പലേറ്റ് അതോറിറ്റിയായി തദ്ദേശഭരണ വകുപ്പിന്റെ ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അനുമതി നൽകി.

### 3. കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളുടെ തുടർപരിപാലനം

- സർക്കുലർ നം. 93/ഡി.സി.1/2023/തസ്വഭവ തിയതി 17-03-2023

കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളുടെ കണക്ക് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ/നിർവ്വഹണ ഉദ്യോഗസ്ഥർ ശേഖരിക്കേണ്ടതും ഇപ്പോൾ ഉപയോഗപ്രദമായതിന്റേയും ഉപയോഗശൂന്യമായതിന്റേയും കണക്ക് പ്രത്യേകമെടുത്ത് സൂക്ഷിക്കേണ്ടതുമാണ്. ഉപയോഗപ്രദമായവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ സ്ഥാപനത്തിന് നൽകേണ്ടതും പാലിയേറ്റീവ് പ്രവർത്തനത്തിന് ഉപയോഗിക്കാൻ കഴിയുന്നവ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

## 13. തെരുവു വിളക്ക് (ഖ.7.10)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • സർക്കുലർ നം. EWB1/101/2020-തസ്വഭവ തിയതി 26-10-2022 | | |
| 1 | 7.10.2 | **നിലാവ് പദ്ധതി – വാറണ്ടി കാലയളവിൽ കേടാകുന്ന എൽ.ഇ.ഡി ലാമ്പുകളുടെ പരിപാലന ചെലവ്**<br>'നിലാവ്' പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ട എൽ.ഇ.ഡി ബൾബുകൾ കേടാകുമ്പോൾ വാറണ്ടി കാലയളവിൽ EECL ലഭ്യമാക്കുന്ന ബഫർ സ്റ്റോക്ക് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുവാനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. |

| | | |
|---|---|---|
| | | ഈ പ്രവൃത്തി KSEBL നെ ഏൽപ്പിക്കുന്നില്ലെങ്കിൽ ടെണ്ടർ മുഖേന മറ്റ് സ്ഥാപനങ്ങളെ ചുമതലപ്പെടുത്തേണ്ടതും കരാറുകാരനുമായി ആനുവൽ മെയ്ന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടേണ്ടതും കരാറുകാരന് അനുവദിക്കുന്ന തുക KSEBL നിർദ്ദേശിച്ച നിരക്കിനേക്കാൾ (166+18% ജി.എസ്.ടി) കൂടുവാൻ പാടുള്ളതല്ല.<br>*(സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്).* |

## 14. വാഹനങ്ങൾ വാങ്ങൽ/വാടകയ്ക്ക് എടുക്കൽ (ഖ.8.2)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • G.O(Rt)No.2159/2022/LSGD തിയതി 02-09-2022 | | |
| 1 | 8.2.6 | **മാലിന്യ നിർമ്മാർജ്ജനം – വാഹനം വാങ്ങൽ-** KAL<br>മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ആവശ്യമായ പിക്ക് അപ്പ് വാൻ/ഇലക്ട്രിക് ഓട്ടോ എന്നിവ കേരള ഓട്ടോമോബൈൽസ് ലിമിറ്റഡിൽ നിന്നും (KAL) ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും സ്ഥാപനം വാഗ്ദാനം നൽകിയിട്ടുള്ള ഇളവുകളോടെയും **ഒരു വർഷത്തേക്ക് മാത്രം** വാങ്ങുന്നതിന് അനുമതി നൽകി.<br>KAL ഓഫർ ചെയ്യുന്ന അടിസ്ഥാന വില ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് PIAGGIO, Mahindra മുതലായ പ്രമുഖ കമ്പനികൾ GeM പോർട്ടലിൽ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവായിരിക്കണം. |

| | | |
|---|---|---|
| • സ.ഉ(സാധാ)നം.2032/2022/LSGD തിയതി 20-08-2022 | | |
| 2 | 8.2.2 | **വാഹനങ്ങൾ വാങ്ങൽ-പരിധി 13 ലക്ഷമായി ഉയർത്തി**<br>ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ പഞ്ചായത്തിലേയും കോർപ്പറേഷനിലേയും മറ്റ് ആവശ്യങ്ങൾക്കും (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) 13 ലക്ഷം രൂപ വരെ വിലയുള്ള വാഹനം (മുമ്പ് 10 ലക്ഷമായിരുന്നു പരിധി) വാങ്ങുന്നതിനും GeM പോർട്ടലിൽ വാഹനം ലഭ്യമല്ലെങ്കിൽ മാത്രം ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന് അനുമതി നൽകി.<br>ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനും കോർപ്പറേഷൻ മേയർക്കും 20 ലക്ഷം രൂപയിൽ കൂടാത്ത വിലയുള്ള വാഹനങ്ങൾ വാങ്ങാവുന്നതാണ്. |
| • സ.ഉ(സാധാ)നം.680/2023/LSGD തിയതി 21-03-2023 | | |
| 3 | 8.2.4. (ii) | **വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ**<br>വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ 2017 ന് ശേഷമുള്ള മോഡൽ വാഹനം വാടകയ്ക്ക് എടുക്കണം എന്നായിരുന്നു നിർദ്ദേശം. ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 ന് ശേഷമുള്ള മോഡൽ വാഹനം ലഭ്യമാകുന്നില്ലെങ്കിൽ രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച വ്യവസ്ഥ ഒഴിവാക്കുന്നതിന് അനുമതി നൽകി. |

## 15. ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങൽ (ഖ.8.3)

### എ) സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികൾ

| ക്രമ നം. | ഖ. നം. | ഭേദഗതി |
|---|---|---|
| • സ.ഉ(സാധാ)നം.1040/2023/LSGD തിയതി 15-05-2023 | | |
| 1 | 8.3 | **ലൈബ്രറികൾക്ക് ദിനപത്രം**<br>വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോൽസാഹനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. ആയതിനാൽ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രോൽസാഹനത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള 'സി' ഗ്രേഡും അതിനു മുകളിലുമുള്ള ലൈബ്രറികൾക്ക് മൂന്ന് ദിനപത്രങ്ങൾ വീതവും 'സി' ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് രണ്ട് ദിനപത്രം വീതവും **തനത് ഫണ്ട്** ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി, ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും യഥേഷ്ടാനുമതി നൽകി.<br>ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനായുള്ള തങ്ങളുടെ വിഹിതം ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് നൽകേണ്ടത്. |

## 16. പതിനഞ്ചാം ധനകാര്യകമ്മീഷൻ ( FFC) ഗ്രാന്റ് വിനിയോഗം

### 1. 2022-23 വാർഷിക പദ്ധതി - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - ഉപപദ്ധതി തയ്യാറാക്കൽ

- സ.ഉ(സാധാ)നം.2632/2021/തസ്വഭവ തിയതി 23-12-2021

2022-23 വർഷത്തെ FFC Sub Plan തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

*(അസ്സൽ ഉത്തരവ് കാണുക)*

### 2. പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി ദീർഘിപ്പിച്ചു

- സ.ഉ(സാധാ)നം.1044/2023 /LSGD തിയതി 15-05-2023

പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും eGSPI വഴിയുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിന് പഞ്ചായത്തുകൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്നത് കണക്കിലെടുത്ത് വ്യവസ്ഥകൾക്ക് വിധേയമായി 01-04-2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി.

## 17. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം

### 1. 2021-22 ൽ അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം

- സ.ഉ(സാധാ)നം.2132/2022/തസ്വഭവ തിയതി 31-08-2022

പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനായി 2021-22 ൽ അനുവദിച്ച ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

| | |
|---|---|
| സ്കീം 1 - | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം |
| സ്കീം 2- | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം |
| സ്കീം 3- | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം 4- | ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
| സ്കീം 5- | നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം 6- | അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ |

*(വിശദാംശങ്ങൾക്ക് അസ്സൽ മാർഗ്ഗരേഖ കാണുക)*

## 2. 2022-23 ലെ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം-കർമ്മപദ്ധതി

- സ.ഉ(സാധാ)നം.2156/2022/തസ്വഭവ തിയതി 01-09-2022

2022-23 ലെ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു.

*(ഉത്തരവ് കാണുക)*

## 3. ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗം- ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്

- സ.ഉ(സാധാ)നം.996/2023/തസ്വഭവ തിയതി 07-05-2023

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം സുഗമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിന് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചു.

## 4. 2021-22 ലെ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ രണ്ടാം ഗഡു-മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമുള്ള നിർദ്ദേശങ്ങൾ

- സ.ഉ(സാധാ)നം.1078/2023/തസ്വഭവ തിയതി 20-5-2023

അർബൻ ഹെൽത്ത് ആന്റ് വെൽനസ് സ്കീമിനുള്ള തുക ഏഴ് പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

*(ഉത്തരവ് കാണുക)*

## 5. ഹെൽത്ത് ഗ്രാന്റ് - നിർവ്വഹണം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- സർക്കുലർ നം.എഫ്.എം.3/138/2023-തസ്വഭവ തിയതി 23-5-2023

അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

*(സർക്കുലർ കാണുക)*

## 18. ആസ്തി സംരക്ഷണം

### 1. മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം - നെഗറ്റീവ് ലിസ്റ്റ്

- G.O(Ms)No.118/2022/LSGD തിയതി 04-06-2022

താഴെ പറയുന്ന കാര്യങ്ങൾക്ക് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുവാൻ പാടുള്ളതല്ല.

(1) Air-conditioning of offices.

(2) Expenditures in the own offices of Village Panchayats, Municipalities and MunicipalCorporations.

(3) Maintenance of assets related to solid and liquid waste management.

(4) Maintenance of shopping complexes, bus stands, bus bay, etc.

(5) Maintenance of water supply schemes run by the Local Governments.

(6) Maintenance of street lights.

### 2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കലും നടപ്പാക്കലും മോണിറ്ററിംഗും

- G.O(Rt)No.2845/2022/LSGD തിയതി 18-11-2022

തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കി നടപ്പാക്കുന്ന ആസ്തി സംരക്ഷണ പദ്ധതിയുടെ മോണിറ്ററിംഗിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസ്തികൾ കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ തലവൻമാർ ഔപചാരികമായി ഇടപെടേണ്ടതാണെന്ന് നിർദ്ദേശം നൽകി.

### 3. കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഒടുക്ക് - മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് വിലക്ക്

- സ.ഉ(സാധാ)നം.799/2023/തസ്വഭവ തിയതി 01-04-2023

പൊതു കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഒടുക്കുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള അനുമതി റദ്ദ് ചെയ്തു.

### 4. മെയ്ന്റനൻസ് ഫണ്ട് ഉപയോഗം - പുതുക്കിയ മാർഗ്ഗരേഖ

- സ.ഉ(കൈ)നം.90/2023/LSGD തിയതി 09-04-2023

മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനായി 01-04-2023 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

*(അസ്സൽ മാർഗ്ഗരേഖ കാണുക)*

### 5. മെയ്ന്റനൻസ് ഫണ്ട് ഉപയോഗം – പുതുക്കിയ മാർഗ്ഗരേഖയിലെ ഭേദഗതി

- സ.ഉ(കൈ)നം.98/2023/LSGD തിയതി 24-04-2023

പരിഷ്കരിച്ച മാർഗ്ഗരേഖയിലെ അനുബന്ധത്തിലെ ഖ.1.3 ൽ "നോൺറോഡ് മെയ്ന്റനൻസ് ഫണ്ട് 4 ശതമാനം റോഡ് മെയ്ന്റനൻസ് ഫണ്ട് 2.5 ശതമാനം" എന്നതിനു പകരം "നോൺറോഡ് മെയ്ന്റനൻസ് ഫണ്ട് 2.5 ശതമാനം റോഡ് മെയ്ന്റനൻസ് ഫണ്ട് 4 ശതമാനം" എന്ന് ഭേദഗതി ചെയ്തു.

## 19. പദ്ധതി ആസൂത്രണം – വിവിധ ഉത്തരവുകൾ

### 1. 2022-23 വാർഷിക പദ്ധതി – അടിയന്തിര സ്വഭാവമുള്ള പ്രോജക്ടുകൾ

- സ.ഉ(സാധാ)നം.1184/2022/LSGD തിയതി 10-05-2022

ലൈഫ് ഭവന പ്രോജക്ടുകളും ഒന്നാം ഘട്ടത്തിൽ ഏറ്റെടുക്കുവാൻ കഴിയാതിരുന്ന അങ്കണവാടി പോഷകാഹാര വിതരണ പ്രോജക്ടുകൾ, പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ, സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രോജക്ടുകൾ എന്നിവയും അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി.

### 2. വാർഷിക പദ്ധതിയുടെ അടങ്കൽ തുക

- സ.ഉ(സാധാ)നം.1376/2022/LSGD തിയതി 04-06-2022

വാർഷിക പദ്ധതിയുടെ അടങ്കൽ തുക സംബന്ധിച്ചുള്ള വിശദീകരണം പുറപ്പെടുവിച്ചു.

### 3. മെയ്ന്റനൻസ് ഫണ്ട് പ്രോജക്ടുകൾ

- സ.ഉ(സാധാ)നം.1602/2022/LSGD തിയതി 05-07-2022

2022-23 വാർഷിക പദ്ധതിയിലെ മെയ്ന്റനൻസ് ഫണ്ട് പ്രോജക്ടുകൾ താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

## 4. 2022-23 ലെ വാർഷിക പദ്ധതി സമർപ്പണം

- സ.ഉ(സാധാ)നം.1709/2022/LSGD തിയതി 19-07-2022

വാർഷിക പദ്ധതി ഡി.പി.സി ക്ക് സമർപ്പിക്കുന്നതിനുള്ള തിയതി 27-2-2022 ആയി നിശ്ചയിച്ചു.

*(വിവിധ ഉത്തരവുകൾ പ്രകാരം വീണ്ടും തിയതി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്).*

## 5. 2022-23 ലെ വാർഷിക പദ്ധതി പരിഷ്കരിക്കൽ-നിർദ്ദേശങ്ങൾ

- സ.ഉ(സാധാ)നം.2578/2022/LSGD തിയതി 22-10-2022

ആറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ലഭ്യമാക്കിയ വികസന ഫണ്ടിന് അനുസൃതമായി 2022-23 ലെ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു.

## 6. 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- സ.ഉ(സാധാ)നം.246/2022/LSGD തിയതി 04-11-2022

2023-24 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നവംബർ ആദ്യവാരം തന്നെ ആരംഭിക്കുവാനും ജനുവരി 2023 ൽ വാർഷിക പദ്ധതി ഡി.പി.സി ക്ക് സമർപ്പിക്കുന്നതിനുമുള്ള സമയക്രമം നിശ്ചയിച്ചു. *(വിവിധ ഉത്തരവുകൾ പ്രകാരം വാർഷിക പദ്ധതി സമർപ്പണ തിയതി വീണ്ടും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്).*

## 7. പ്രത്യേക വിഹിതം ലഭ്യമായ സ്ഥാപനങ്ങളുടെ 2022-23 ലെ വാർഷിക പദ്ധതി പരിഷ്കരിക്കൽ

- സ.ഉ(സാധാ)നം.3062/2022/LSGD തിയതി 09-12-2022

പ്രത്യേക വിഹിതം ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി.

## 8. 2022-23 ലെ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി

- സ.ഉ(സാധാ)നം.468/2023/LSGD തിയതി 23-02-2023

പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഷിക പദ്ധതിയിൽ വിവിധ ഭേദഗതികൾ വരുത്തുന്നതിന് അനുമതി നൽകി.

## 9. ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതല

- സ.ഉ(സാധാ)നം.468/2023/LSGD തിയതി 23-02-2023

ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിനായി പ്രവർത്തിച്ചുവരുന്ന ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകൾ പരിഷ്കരിച്ചു.

## 10. 2023-24 ലെ വാർഷിക പദ്ധതി പരിഷ്കരിക്കൽ


- സ.ഉ(സാധാ)നം.989/2023/LSGD തിയതി 06-05-2023

2023-24 ലെ വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

## 11. മാലിന്യമുക്ത കേരളം-മാലിന്യ സംസ്കരണത്തിനുള്ള സമഗ്ര പദ്ധതികൾ

- സ.ഉ(സാധാ)നം.1401/2023/LSGD തിയതി 10-07-2023

വിവിധ വിഭവ സ്രോതസ്സുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിനും അവ 2023-24 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.



# അനുബന്ധം

| UNIT COST OF HOUSEHOLD LEVEL SOLID WASTE MANAGEMENT UNIT (Proceeding No:2869/C2/2016/SM, 16.09.2022) | | | | |
|---|---|---|---|---|
| **Item No** | **Descripti ons** | **Unit cost** | **GST (As per GST department decision on 18.07.2022)** | **Total Cost** |
| I | **Composting Units:** | | | |
| 1 | **Vermi Compost unit** | | | |
| a | Two numbers of broad mouth PVC, basin 25 litres capacity eachor one PVC basin of 50 litre capacity with a partition at the centre, minimum weight of the combined unit be 2.5kg | 1,500 | 12% | 1680 |
| b | Two numbers of broad mouth fibre basin 25 litres capacity eachor one fibre basin of 50 litre capacity with a partition at the centre (minimum thickness of the fibre body 3mm.) | 1750 | 12% | 1960 |
| c | Mud pots (country burnt) two numbers 25 litre capacity each | 1360 | 12% | 1523.20 |
| d | Terracotta jars with lids two numbers 25 litres capacity each | 1400 | 12% | 1568 |
| 2 | Ring Compost (1.5 kg/day waste feed) | 3,350 | 12% | 3752 |
| 3 | Pot Composting Unit | 1300 | 12% | 1456 |
| 4 | Bio-pedestal Composting Unit | 1440 | 12% | 1612.80 |
| 5 | Mose Pit Composting Unit | 1130 | 12% | 1265.60 |
| 6 | Bio-digester Pots Units | 1,800 | 12% | 2016 |
| 7 | Portable house-hold Bio-bin Unit | 2,750 | 12% | 3080 |
| 8 | Mini Bio-pedestal Unit | 1,880 | 12% | 2105.60 |
| 9 | Portable HDPE/Bucket Composting Unit | 1,250 | 12% | 1400 |
| 10 | Pit Composting Unit | The work to be got done through MGNREGSScheme | | |
| 11 | Pipe composting unit | 1130 | 12% | 1265.60 |

| | | | | |
|---|---|---|---|---|
| 12 | Kitchen Bin - Composting Unit | 440 | 12% | 492.80 |
| 13 | Bio Composter Bin | 1,930 | 12% | 2161.60 |
| 14 | GEEBIN - 3 Bin System (2 Kg/day capacity) | 3,840 | 12% | 4300.80 |
| 15 | Gee Bin – 2 Bin System(1.5 Kg/day capacity) | 3,270 | 12% | 3662.40 |
| 16 | V composter (1.5 Kg/day capacity)+B23,22:36 | 4,600 | 12% | 5152.00 |
| 17 | Smart bio bin (2 Kg/day capacity) | 2,190 | 12% | 2452.80 |
| 18 | Bokashi Bucket (1.5kg/day capacity) | 2,540 | 12% | 2844.80 |
| 19 | Vermion Kitchen Waste Treatment Unit | 4,400 | 12% | 4928.00 |
| 20 | Kitchen Waste Digester (2kg/day capacity | 5,600 | 12% | 6272.00 |
| 21 | Organic Composting Bin | 2,125 | 12% | 2380.00 |
| II | **Portable Biogas Plant** | | | |
| 1 | Portable (Prefabricated) biogas unit - 0.5m3 capacity (Digesterwith gas holder) | | | |
| a | Unit without water jacket: PVC/LLDPE/HDPE Tanks with circularshape as digester and floating gas holder with total volume 0.50m3 and thickness of 3mm to 4 mm | 10,290 | 12% | 11524.80 |
| b | Unit without water jacket : FRP Tanks with circular shape as digester and floating gas holder with total volume 0.50m3 andthickness of 3mm to 4 mm | 10,930 | 12% | 12241.60 |
| c | Unit with water jacket: PVC/LLDPE/HDPE Tanks with circularshape as digester and floating gas holder with total volume 0.50m3 and thickness of 3mm to 4 mm | 11,570 | 12% | 12958.40 |
| d | Unit with water jacket : FRP Tanks with circular shape as digesterand floating gas holder with total volume 0.50m3 and thickness of 3mm to 4 mm | 13,500 | 12% | 15120.00 |
| 2 | Portable (Prefabricated) biogas unit - 0.75 m3 capacity (Digesterwith gas holder) | | | |

| | | | | |
|---|---|---|---|---|
| a | Unit without water jacket : PVC/ LLDP//HDPE Tanks with circularshape as digester and floating gas holder with total volume 0.75m3 , thickness of 3mm to 4 mm | 12,860 | 12% | 14403.20 |
| b | Unit without water jacket : FRP Tanks with circular shape asdigester and floating gas holder with total volume 0.75m3 , thickness of 3mm to 4 mm | 13500 | 12% | 15120.00 |
| c | Unit with water jacket : PVC/ LLDP//HDPE Tanks with circularshape as digester and floating gas holder with total volume 0.75m3 , thickness of 3mm to 4 mm | 14140 | 12% | 15836.80 |
| d | Unit with water jacket : FRP Tanks with circular shape as digesterand floating gas holder with total volume 0.75m3 , thickness of 3mm to 4 mm | 15430 | 12% | 17281.60 |
| 3 | Portable (Prefabricated) biogas unit - 1.00 m3 capacity (Digesterwith gas holder) | | 12% | 0.00 |
| a | Unit without water jacket : PVC/LLDP/HDPE Tanks with (ii) Circular shape as digester and floating gas holder with (iii) Totalvolume 1m3 thickness of 3mm to 4 mm | 15430 | 12% | 17281.60 |
| b | Unit without water jacket : FRP Tanks with circular shape as digester and floating gas holder with total volume 1m3 thicknessof 3 mm to 4 mm | 16070 | 12% | 17998.40 |
| c | Unit with water jacket : PVC/LLDP/HDPE Tanks with (ii) Circular shape as digester and floating gas holder with (iii) Total volume 1m3 thickness of 3mm to 4 mm | 16710 | 12% | 18715.20 |
| d | Unit with water jacket : FRP Tanks with circular shape as digesterand floating gas holder with total volume 1m3 thickness of 3 mm to 4 mm | 17360 | 12% | 19443.20 |
| 4 | Portable (Prefabricated) Biogas Plant 0.5 m3 Capacity (Mixed Culture Fed-Batch type with separate digester and gas holder)Unit with separate digester & wall mounted gas holder | 8000 | 12% | 8960.00 |

| | | | | |
|---|---|---|---|---|
| 5 | Portable (Prefabricated) Biogas Plant 0.75 m3 Capacity (MixedCulture Fed-Batch type with separate digester and gas holder) | 9140 | 12% | 10236.80 |
| 6 | Portable (Prefabricated) Biogas Plant 1.00 m3 Capacity (MixedCulture Fed-Batch type with separate digester and gas holder) | 10290 | 12% | 11524.80 |
| 7 | Mosquito Free Biogas plant (0.75 m3 or 5 Ltr/day capacity) | 23430 | 12% | 26241.60 |
| 9 | Mosquito Free Biogas plant (1.50 m3or 10 ltr/day capacity) | 29900 | 12% | 33488.00 |



നന്ദി.....

- ശ്രീ.പി.എസ്.സാബു, ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.എ.ഡി
- ശ്രീമതി.കെ.വി.സുസ്മിത, ഓഡിറ്റ് ഓഫീസർ, കെ.എസ്.എ.ഡി

<u>തയ്യാറാക്കിയത്</u>

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്),

കെ.എസ്.എ.ഡി ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം-ഒന്നാം പതിപ്പ്**

തത്തമംഗലം,

10-07-2023